കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# എടപ്പാൾ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2016-17

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.28/2458/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി 20/11/2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

എടപ്പാൾ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : എടപ്പാൾ ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**************************************************************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടപ്പാൾ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലും ഭാഗം 3ലെ ഖണ്ഡികകളിലേക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി http://aims.ksad.kerala.gov.in/esubmission ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 22,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3)കാര്യാലയ പകർപ്പ്.

എബികെ 11/17

നം. കെ.എസ്.എ.എം.പി.എം.28/2458/2017

തിയ്യതി:20.11.2017

മലപ്പുറം ജില്ലയിലെ എടപ്പാൾ ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

മലപ്പുറം ജില്ലയിലെ എടപ്പാൾ ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 16-11-2016 മുതൽ 30-10-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

--------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. എ എസ് ഷാജഹാൻ , ഡെപ്യൂട്ടി ഡയറക്ടർ

--------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 31-10-2017, 02-11-2017 മുതൽ 13-11-2017 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ .ബേബി.പി.വി | ഓഡിറ്റ് ഓഫീസർ |
| ശ്രീ.റിഷിൽ. പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. മുഹമ്മദ് ഫാസിൽ ടി ടി | ഓഡിറ്റർ |

നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ. പി.പി.ബിജോയ് | 01.04.2016 മുതൽ 31.03.2017 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ.വേലായുധൻ.എം (സെക്രട്ടറി ഇൻ ചാർജ്) | 01.04.2016 മുതൽ 31.05.2016 വരെ |
| ശ്രീ. സുലൈമാൻ പി (സെക്രട്ടറി ഇൻ ചാർജ്) | 01.06.2016 മുതൽ 30.06.2016 വരെ |
| ശ്രീ. രവീന്ദ്രൻ കെ | 01.07.2016 മുതൽ 31.03.2017 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.വേലായുധൻ.എം | 01.04.2016 മുതൽ 31.05.2016 വരെ |
| | ശ്രീ. സുലൈമാൻ പി | 01.06.2016 മുതൽ 13.07.2016 വരെ |
| | ശ്രീ.മുഹമ്മദ് ഷെറീഫ് എം | 14.07.2016 മുതൽ 31.03.2017 വരെ |
| അസി. എഞ്ചിനിയർ | ശ്രീമതി. ധന്യ.ഇ | 01.04.2016 മുതൽ 19.07.2016 വരെ |
| | ശ്രീമതി.അനിത പി കെ | 20.07.2016 മുതൽ 25.07.2016 വരെ |
| | ശ്രീ.ഷബീർ കെ | 26.07.2016 മുതൽ 04.10.2016 വരെ |
| | ഒഴിവ് | 05.10.2016 മുതൽ 06.10.2016 വരെ |
| | ശ്രീ. പ്രസൂൺ | 07.10.2016 മുതൽ 31.03.2017 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. സുബ്രമണ്യൻ.പി.സി | 01.04.2016 മുതൽ 06.09.2016 വരെ |
| | ശ്രീ. അജയകുമാർ എ എസ് | 07.09.2016 മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | ശ്രീ.വിജീഷ്.പി.വി | 01.04.2016 മുതൽ 31.03.2017 വരെ |
| വെറ്റിനറി സർജൻ | ഡോ.ഫ്ലമി.എ.ജേക്കബ് | 01.04.2016 മുതൽ 31.03.2017വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.കോമളം. പി | 01.04.2016 മുതൽ 31.07.2016 വരെ |
| | ശ്രീമതി. നിർമ്മല കുമാരി പി എ | 01.08.2016 മുതൽ 31.03.2017 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.കുട്ടപ്പൻ | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ഐശ്വര്യ | 01.04.2016 മുതൽ 01.05.2016 വരെ |
| | ഡോ.ജിബില | 02.06.2016 മുതൽ 15.12.2016 വരെ |
| | ഡോ.ലക്ഷ്മി | 16.12.2016 മുതൽ 02.03.2017 വരെ |
| | ഡോ. ശിൽപ പുരുഷോത്തമൻ | 03.03.2017 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. അനിൽ കുമാർ | 01.04.2016 മുതൽ 15.01.2017 വരെ |
| | ഒഴിവ് | 16.01.2017 മുതൽ |

| | | |
|---|---|---|
| | | 19.01.2017 വരെ |
| | ഡോ.തനജ ആർ | 20.01.2017 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദ) | ഡോ.അജിത് കുമാർ | 01.04.2016 മുതൽ 31.03.2017 വരെ |
| ക്ഷീര വികസന ഓഫീസർ | ശ്രീ. സജിത്ത് എ | 01.04.2016 മുതൽ 31.03.2017 വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം I<br>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ<br>പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| ഭാഗം II<br>വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | | |
| 12 | നിഷ്ക്രിയ അക്കൗണ്ടുകൾ ക്ലോസ്സ് ചെയ്തിട്ടില്ല | 2-1 | |
| 13 | 2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് പ്രകാരമുള്ള നടപടികൾ സ്വീകരിച്ചില്ല | 2-2 | |
| 14 | വസ്തു നികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ച ഉണ്ടാവുന്നു | 2-3 | |
| 15 | ഡി ആന്റ് ഒ ലൈസൻസ് ലൈസൻസ് വിതരണം കാര്യക്ഷമമല്ല | 2-4 | |
| 16 | മൊബൈൽ ടവറ്- വസ്തു നികുതി ഈടാക്കുന്നില്ല | 2-5 | |
| ഭാഗം III<br>ചെലവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | | |
| 17 | ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. | 3-1 | |
| 18 | സ്പോർട്സ് കിറ്റ് വിതരണം - ജില്ലാ സ്പോർട്സ് കൗൺസിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. | 3-2 | |

| | | | |
|---|---|---|---|
| 19 | കിണർ നിർമ്മാണം - സബ്സീഡി അധിക നിരക്കിൽ നൽകി. | 3-3 | |
| 20 | ചെറുകിട മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ - പൂർത്തികരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 3-4 | |
| 21 | SSA പഞ്ചായത്ത് വിഹിതം - വിനിയോഗ സാക്ഷ്യപത്രം , എസ്റ്റിമേറ്റ് എന്നിവ ഹാജരാക്കിയില്ല | 3-5 | |
| 22 | ഫിസിയോ തെറാപ്പി ഫോർ ഡിസേബിൾഡ് ചിൽഡ്രൻ - മാർഗ്ഗ രേഖയിൽ പരാമർശിക്കാത്ത ചെലവ്. | 3-6 | |
| 23 | മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു. | 3-7 | |
| 24 | ആശ്രയ പദ്ധതി - വൻ തുക നിക്കിയരിപ്പ് | 3-8 | |
| 25 | വിനിയോഗ / പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 3-9 | |
| 26 | ഹോമിയോ ഡിസ്പൻസറി കെട്ടിടം അറ്റകുറ്റപണി - അപാകതകൾ | 3-10 | |
| 27 | മരാമത്ത് പ്രവൃത്തികൾ - സേവന നികുതി അടവാക്കിയില്ല | 3-11 | |
| 28 | ബോംബെ പടി ഹെൽത്ത് സെന്റർ കാളച്ചാൽ റോഡ് പ്രവൃത്തി - സോളിംഗിന് മാത്രമായി പ്രൊജക്ടുണ്ടാക്കിയത് ക്രമപ്രകാരമല്ല | 3-12 | |
| 29 | അസിസ്റ്റന്റ് എഞ്ചിനീയറുടെ പദ്ധതി നിർവ്വഹണം - ഒരു വിശകലനം | 3-13 | |
| 30 | സെക്യൂരിറ്റി നിക്ഷേപങ്ങൾ കാലാവധി കഴിഞ്ഞത് തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല | 3-14 | |
| 31 | മെറ്റീരിയൽ പ്രവർത്തികൾക്ക് സാധനങ്ങൾ സപ്ലൈ ചെയ്തതിൽ നിയമാനുസൃത നികുതികൾ ഈടാക്കിയത് - സംബ | 3-15 | |
| 32 | വി.ഇ.ഒ. നിർവ്വഹണം നടത്തിയ പദ്ധതിയിലെ അപാകതകൾ | 3-16 | |
| 33 | ശുചിത്വ കക്കൂസ് നിർമ്മാണം - അപാകതകൾ | 3-17 | |
| 34 | വി.ഇ.ഒ. പദ്ധതി നിർവ്വഹണം - പദ്ധതികൾ ഏറ്റെടുക്കുന്നതിൽ വിമുഖത | 3-18 | |
| 35 | ആയുർവേദ മെഡിക്കൽ ഓഫീസർ - പ്രൊജക്ട് പ്രകാരമുള്ള മരുന്ന് ലഭ്യമാക്കിയിട്ടില്ല | 3-19 | |
| 36 | ഹോമിയോ മെഡിക്കൽ ഓഫീസർ - പ്രൊജക്ട് പ്രകാരമുള്ള മരുന്ന് ലഭ്യമാക്കിയിട്ടില്ല | 3-20 | |
| 37 | പരിരക്ഷ - പാലിയേറ്റീവ് കെയർ പദ്ധതി - സർക്കാർ മാർഗ്ഗരേഖ പാലിക്കുന്നില്ല. | 3-21 | |
| ഭാഗം IV<br>ഓഡിറ്റ് പ്രത്യവലോകനം | | | |
| 38 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 39 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 40 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |

| | | | |
|---|---|---|---|
| 41 | വായ്പ . വായ്പ തിരിച്ചടവ് | 4-4 | |
| 42 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 43 | ഓഡിറ്റ് റിക്കവറി | 4-6 | |
| 44 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 45 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 46 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| അനുബന്ധം | | | |
| 47 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1 | |
| 48 | Audit Certificate | 2 | |
| 49 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് | 3 | |
| 50 | റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് | 4 | |
| 51 | ബാലൻസ് ഷീറ്റ് | 5 | |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 സാമ്പത്തിക വർഷത്തെ ബജറ്റ് 05-03-2016 ലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | ഓൺലൈനായി ലഭിച്ച തീയതി |
|---|---|---|---|
| 2016-17 | 31/07/2017 | 12/07/2017 | 15/07/2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 02-11-2017 മുതൽ 03-11-2017 വരെ | ഓഡിറ്റ് റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട് |

ഗ്രാമ പഞ്ചായത്തിന്റെ 2016-17 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1) എം ജി എൻ ആർ ഇ ജി എസ് - കേരള ഗ്രാമീൺ ബാങ്ക്

| | വാർഷിക ധനകാര്യപത്രിക | എൻ.ആർ. ഇ.ജി.എസ്. ക്യാഷ് ബുക്ക്/മറ്റ് അനുബന്ധ രേഖകൾ അനുസരിച്ച് | വ്യത്യാസം |
|---|---|---|---|
| മുൻബാക്കി | 2179 | 2180 | 1 |

| | | | |
|---|---|---|---|
| | (2006(KGB)+173(SBT))<br>[RP- 40 (a)] | | |
| തൻവർഷ വരവ് | 8,87,252<br>[RP- 31]- Centrally Sponse-NREGA | 8,87,252 | 0 |
| EFMS വരവ് | 1,82,79,687 | 1,82,79,687 | 1 |
| ആകെ വരവ് തുക(A) | 1,91,69,118 | 19169119 | 1 |
| ചെലവ് തുക | 8,18,300<br>[RP- 16]-<br>Total Poverty Alleviation Programs- General | 8,76,400 | 58,100 |
| EFMS ചെലവ്- | 1,82,79,687 | 1,82,79,687 | 0 |
| ആകെ ചെലവ് തുക(B) | 1,90,97,987 | 19156087 | 58100 |
| നീക്കിയിരിപ്പ്(A-B) | 71131 (A-B)<br>യഥാർത്ഥത്തിൽ കാണിച്ചിരിക്കുന്നത് - 13031<br>(12848(KGB)+183(SBT))<br>[RP- 40 (b)] | 13032 | 1 |

2) എൻ ആർ ഇ ജി എസ് അക്കൗണ്ടിലെ രേഖപ്പെടുത്തലുകളിലെ അപാകത ഉണ്ടായതിനാൽ Income and Expenditure സ്റ്റേറ്റ്മെന്റിൽ I-6 വരവ് = I-14(a) ചെലവ് എന്നീ തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു.

| | വാർഷിക ധനകാര്യപത്രിക<br>(Income and Expenditure Statement) | എൻ.ആർ. ഇ.ജി.എസ്.<br>ക്യാഷ് ബുക്ക്/മറ്റ് അനുബന്ധ രേഖകൾ അനുസരിച്ച് (യഥാർത്ഥ കണക്ക്) |
|---|---|---|
| EFMS വരവ് തുക<br>(EFMS +Administrative Expenses) | 1,88,82,260<br>(I-6) | 1,91,56,087<br>(1,82,79,687+876400) |

| | | |
|---|---|---|
| | National Rural Employment Guarantee Act Scheme (NREGA) | (EFMS +Administrative Expenses) |
| EFMS ചെലവ് തുക<br>(EFMS +Administrative Expenses) | 1,88,82,077<br>(I-14(a))<br>Total Poverty Alleviation Program -General | 1,91,56,087<br>(1,82,79,687+ 876400)<br>(EFMS +Administrative Expenses) |
| വ്യത്യാസം | 183 | 0 |

Income and Expenditure I-6 വരവ് (1,88,82,260) = I-14(a) ചെലവ്(1,88,82,077) എന്നീ തുകകൾ വ്യത്യാസപ്പെട്ടത് ക്രമീകരിക്കേണ്ടതാണ്.

യഥാസമയം അക്കൗണ്ട് ചെയ്യാത്തതിനാൽ തൊഴിലുറപ്പ് ഓഫീസിൽ നിന്ന് ലഭിച്ച കണക്കുകൾ പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

3) ബാലൻസ് ഷീറ്റിലെ B 18 ഷെഡ്യൂളിൽ PA 200 രൂപ ഉൾപ്പെടുത്തിയിട്ടില്ല.

4). വസ്തു നികുതി- തൻവർഷ ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ വാർഡ് അടിസ്ഥാനത്തിൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്ന് പ്രിന്റ് ചെയ്ത് തയ്യാറാക്കിയിട്ടില്ല. സംഗ്രഹം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ കുടിശ്ശിക ഡിമാന്റ് , കളക്ഷൻ എന്നിവയുടെ ആധികാരികത ഉറപ്പാക്കാനായില്ല.

2015-16 വാർഷിക ധനകാര്യപത്രികയിൽ വസ്തു നികുതി കുടിശ്ശിക (B-15) 12,90,930 രൂപയാണ് കാണിച്ചിട്ടുള്ളത്. എന്നാൽ 2016-17 ധനകാര്യ പത്രികയിൽ കുടിശ്ശിക പിരിവ് (RP-43) 23,82,097 രൂപയാണ്.

5) വാർഷിക കണക്കിനൊപ്പം അക്കൗണ്ടുകളിൽമേലുള്ള കുറിപ്പുകൾ ഉൾപ്പെടുത്തിയിട്ടില്ല.

6) സാമ്പത്തിക പത്രികകളിൽ മുൻവർഷത്തെ താരതമ്യ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ ധനകാര്യ പത്രികയിൽ താരതമ്യത്തിനായി മുൻവർഷ തുകകൾ ഉൾപ്പെടുത്താനുള്ള കോളം നിലവിലുണ്ട്.

7) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 57 പ്രകാരം സെക്രട്ടറി എല്ലാ ബാങ്കുകളുടേയും പൊരുത്തപ്പെടുത്തൽ പത്രിക അടുത്ത മാസം 5ാം തിയ്യതിക്കകം സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് . എല്ലാ മാസവും ബാങ്ക് ബുക്ക് ക്ലോസ് ചെയ്ത് ആയത് പ്രിന്റ് ചെയ്ത് പൊരുത്തപ്പെടുത്തൽ പത്രിക 5ാം തിയ്യതിക്കകം സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നതിൽ വീഴ്ച ഉണ്ടാവുന്നു.

8) ബാലൻസ് ഷീറ്റിലെ ബി-17 ഷെഡ്യൂളിലെ തുകകളിൽ വി പി എഫ് എ – 1_2 യുടെ നീക്കിയിരിപ്പ് 33,238 രൂപ നാളിതു വരെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടച്ചിട്ടില്ല. ആയത് ക്രമപ്രകാരമല്ല

9) സ്റ്റോക്കിന്റെ മൂല്യം ബാക്കി പത്രത്തിൽ (B-14) 17,768 ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ധനകാര്യവർഷത്തെ സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കിയിട്ടില്ല.

10) വാർഷിക ധനകാര്യപത്രിക ബി -18 ഷെഡ്യൂൾ പ്രകാരം ഫെസ്റ്റിവൽ അഡ്വാൻസ് 2000 രൂപ ക്രമീകരിക്കാൻ അവശേഷിക്കുന്നു.

11) ബാലൻസ് ഷീറ്റിലെ ബാധ്യതാ ഭാഗത്ത് പഞ്ചായത്ത് ഫണ്ട് എന്നതിനു പകരം Muncipal (General) Fund എന്നാണ്, ആയത് മാറ്റം വരുത്തിയിട്ടില്ല.

12) താഴെ പറയുന്ന ഡിമാന്റ് രജിസ്റ്ററുകളിൽ വാർഷിക സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

| | |
|---|---|
| പെർമിറ്റ് രജിസ്റ്റർ | വാർഷിക സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല |
| ക്രമവൽകൃത രജിസ്റ്റർ | ക്രമവൽകൃത രജിസ്റ്റർ സൂക്ഷിക്കുന്നില്ല<br>ക്രമവൽകൃത ഇനത്തിൽ വാങ്ങിയതിന്റെ വാർഷിക സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല |
| വസ്തു നികുതി ഡിമാന്റ് / കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ | വാർഷിക സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്ന് ലഭിച്ച ഡാറ്റയുടെ ആധികാരികത ഉറപ്പുവരുത്താനായില്ല |
| വിവാഹ രജിസ്റ്റർ | വാർഷിക സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| പാരാ മെഡിക്കൽ രജിസ്റ്റർ | വാർഷിക സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| ട്യൂട്ടോറിയൽ ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ | വാർഷിക സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| ലേല രജിസ്റ്റർ | വാർഷിക സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| വാടക രജിസ്റ്റർ | വാർഷിക സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. |

ഓരോ വർഷവും രജിസ്റ്ററുകൾ ക്ലോസ് ചെയ്ത് സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നതിൽ വീഴ്ച സംഭവിച്ചു.

13) ബാലൻസ് ഷീറ്റ് പ്രകാരം E M S ലോൺ ബാധ്യത B-5 ലെ സെക്യൂഡ് ലോൺസ് എന്ന ഷെഡ്യൂളിൽ 32,73,155 രൂപയാണ്. എന്നാൽ ബാക്കി പത്രത്തിലെ ആസ്തി ഭാഗത്ത് തത്തുല്യമായ തുക പ്രീപെയ്ഡ് എക്സ്പെൻസ് എന്ന B-16 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

14) വാർഷികക്കണക്കുകളിലെ ഡി ആന്റ് ഒ ഡിമാന്റ്, കളക്ഷൻ എന്നിവ ഡിമാന്റ് രജിസ്റ്ററുമായി പരസ്പരം

പൊരുത്തപ്പെടുന്നില്ല. രജിസ്റ്ററിലും വാർഷിക കണക്കിലും വ്യത്യസ്ത തുകയാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

| ഇനം | ഡിമാന്റ് | കളക്ഷൻ | | ബാലൻസ് |
|---|---|---|---|---|
| | | മുൻകൂർ | തൻവർഷം | |
| ഡി ആന്റ് ഒ ഡിമാന്റ് രജിസ്റ്ററിലെ തുക | 1,40,550 | 1,40,550 | | 0 |
| വാർഷിക ധനകാര്യ പത്രികയിലെ തുക | 1,55,740<br>I-4(b) | 27400<br>B-9(2015-16) | 128340<br>RP(43) | 0 |

| | | | | |
|---|---|---|---|---|
| വ്യത്യാസം | 15190 | 15190 | | 0 |

15) വാർഷികക്കണക്കുകളിലെ തൊഴിൽ നികുതി (ട്രേഡ്സ്) - തൊഴിൽ നികുതി രജിസ്റ്ററിൽ സംഗ്രഹം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഡി ആന്റ് രജിസ്റ്ററിലെ തൊഴിൽ നികുതി (ട്രേഡ്സ്) സംഗ്രഹം വാർഷികക്കണക്കുകളിലെ രേഖപ്പെടുത്തലുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

തൊഴിൽ നികുതി (ട്രേഡ്സ്)

| | ഡിമാന്റ് | കളക്ഷൻ (RP-43) | | | ബാലൻസ് |
|---|---|---|---|---|---|
| | | കുടിശ്ശിക | തൻവർഷ കളക്ഷൻ | | |
| | | | മുൻകൂർ | തൻവർഷം | |
| വാർഷിക ധനകാര്യ പത്രിക | 4,29,675 I-1 | 23,380 (2015-16 AFS (B-15) ൽ കുടിശ്ശിക ഇല്ല ) | 2460 | 4,27,215 | 0 |
| ഡി ആന്റ് ഒ രജിസ്റ്ററിലെ സംക്ഷിപ്തം | 3,43,070 | 0 | 3,43,070 | | 0 |

16) ബാലൻസ് ഷീറ്റ് B-4ഷെഡ്യൂൾ പ്രകാരം ഗുണഭോക്തൃ വിഹിതം 29,984 രൂപയുണ്ട്. ആയതിന് ജേർണൽ നൽകി റവന്യൂ എക്സ്പെൻഡീച്ചർ ആക്കി മാറ്റാതെ ബാധ്യതയാക്കി നിലനിറുത്തിയിട്ടുണ്ട്.

17) പഞ്ചായത്ത് തയ്യാറാക്കിയ ബഡ്ജറ്റ് ഫംഗ്ഷൻ ഫംഗ്ഷനറി അടിസ്ഥാനത്തിൽ സാംഖ്യാ വാർഷിക കണക്കുമായി താരതമ്യം ചെയ്യാവുന്ന വിധത്തിലല്ല.

18) പഞ്ചായത്തിന് പിരിഞ്ഞ് കിട്ടാനുള്ളവയിൽ ലഭ്യത സംശയാസ്പദ തുകക്ക് പ്രോവിഷൻ രേഖപ്പെടുത്തിയിട്ടില്ല

19) ബാലൻസ് ഷീറ്റ് B-9ഷെഡ്യൂൾ പ്രകാരം ലൈബ്രറി സെസ് ഇനത്തിൽ2,64,711.88 രൂപയും,വാറ്റ് ഇനത്തിൽ 29,726 രൂപയും ബന്ധപ്പെട്ട സ്ഥാപനങ്ങളിലേക്ക് അടവാക്കിയിട്ടില്ല.

20) നിഷ്ക്രിയ അക്കൗണ്ടുകൾ ക്ലോസ് ചെയ്തിട്ടില്ല
21) രജിസ്റ്റർ പ്രകാരമുള്ള സ്ഥിര നിക്ഷേപം 3,89,159 രൂപയാണ് എന്നാൽ വാർഷിക കണക്കുകളിലെ തുക (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-12 പ്രകാരം) 3,57,909 രൂപയാണ്.

22) 2016-17 വാർഷിക ധനകാര്യ പത്രികയിൽ മുൻകൂർ നൽകിയ തുക ബാലൻസ് ഷീറ്റിൽ ബി-18 ഷെഡ്യൂളിൽ കാണിച്ചിട്ടില്ല. പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ ആയത് ബാക്കിപത്രത്തിൽ ബ-18 ഷെഡ്യൂളിൽ കാണിക്കേണ്ടതും പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്ന മുറക്ക് ആസ്തിയായി ക്രമീകരിക്കേണ്ടതാണ്.

| മുൻകൂർ നൽകിയ സ്ഥാപനത്തിന്റെ പേര് | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | തുക | | |
| കേരള വാട്ടർ അതോറിറ്റി | വാട്ടർ പൈപ്പ് ലൈൻ ദിർഘിപ്പിക്കൽ | | 12,00,000 | 0 | 12,00,000 |

23) മുൻവർഷ എ.എഫ്.എസ് പരിശോധനയിൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിച്ചിട്ടില്ല

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,26,89,446.5 |
| വരവ് | 5,14,60,466 |
| ആകെ | 6,41,49,912.5 |
| ചെലവ് | 4,96,67,227 |
| നീക്കിയിരിപ്പ് | 1,44,82,685.5 |

## 1-5 ഫണ്ട് വിനിയോഗം(അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക (അലോട്ട്മെന്റ്) | ആകെ വരവ് തുക | ചെലവ് തുക | നീക്കിയിരിപ്പ് (സർക്കാർ പിൻവലിച്ചത്) | നീക്കിയിരിപ്പ് 40(b) വാർഷിക ധനകാര്യപത്രിക പ്രകാരം | ചെലവു ശതമാനം |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 1,09,74,865 | 1,09,74,865 | 1,01,36,896 | 8,37,969 | 0 | 92% |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 71,80,368 | 71,80,368 | 71,64,237 | 16,131 | 0 | 99% |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 7845 | 7845 | 0 | 7845 | 0 | 0% |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 31,63,710 | 31,63,710 | 8,41,077 | 23,22,633 | 0 | 27% |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 30,26,061 | 30,26,061 | 30,26,061 | 0 | 0 | 100% |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 61,55,119 | 61,55,119 | 54,17,284 | 7,37,835 | 0 | 88% |
| ലോക ബാങ്ക് സഹായം (KLGSDP) | 0 | 9,45,287 | 9,45,287 | 6,69,193 | 2,76,094 | 0 | 71% |
| ആകെ | | 3,14,53,255 | 3,14,53,255 | 2,72,54,748 | 41,98,507 | 0 | 87 % |
| ബി ഫണ്ട് | 0 | 4,45,72,480 | 4,45,72,480 | 4,45,72,480 | 0 | - | 100% |

| | | | | | | | |
|---|---|---|---|---|---|---|---|
| എം ജി എൻ ആർ ജി എസ് | 2180 | 1,91,66,939 | 1,91,69,119 | 1,91,56,087 | - | 13,032 | 99% |

## 1-6 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 181 | 5,65,50,209 | 110 | 3,54,27,970 | 5 | 66 | 63 |

.

നിർവഹണ ഉദ്യോഗസ്ഥരുടെ പദ്ധതി ചെലവ്

| നിർവഹണ ഉദ്യോഗസ്ഥർ | അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവ് തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 34,18,204 | 7 | 24,12,350 | 0 | 1 | 88 |
| വെറ്റിനറി സർജൻ | 6 | 31,15,000 | 4 | 4,49,000 | 2 | 0 | 67 |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 2 | 7,76,250 | 1 | 6,02,805 | 0 | 1 | 50 |
| വി.ഇ.ഒ | 5 | 36,29,800 | 0 | 11,58,800 | 2 | 3 | 40 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 44,44,019 | 5 | 44,07,863 | 0 | 0 | 100 |
| സെക്രട്ടറി | 37 | 1,10,54,798 | 25 | 81,39,159 | 1 | 11 | 68 |
| പ്രധാനാധ്യാപകൻ | 7 | 33,25,000 | 6 | 30,37,395 | 1 | 0 | 85 |
| അസി.എഞ്ചിനീയർ | 96 | 2,04,87,911 | 53 | 94,92,366 | 1 | 43 | 55 |
| അസി. സെക്രട്ടറി | 11 | 49,41,000 | 10 | 45,25,000 | 0 | 1 | 90 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1,91,059 | 1 | 1,91,059 | 0 | 0 | 100 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 2 | 600,000 | 2 | 600,000 | 0 | 0 | 100 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 5,67168 | 1 | 4,12,173 | 0 | 0 | 100 |

## 1-7 തനത് വരുമാനം

മുൻ വർഷത്തെ അപേക്ഷിച്ച് ഗ്രാമ പഞ്ചായത്തിന് തനത് വരുമാനത്തിൽ താഴെ പറയും പ്രകാരം 91 % വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ (ഇനം തിരിച്ച്) | | | | |
| വസ്തു നികുതി | 2204475 | 5135221 | | |

| | | | | | |
|---|---|---|---|---|---|
| | സേവന നികുതി | 0 | 0 | | |
| തൊഴിൽ നികുതി | കച്ചവട/സ്ഥാപനങ്ങളുടെ /ഉദ്യോഗസ്ഥരുടെ തൊഴിൽ നികുതി | 300,118 | 429,675 | | |
| | ജീവനക്കാരുടെ തൊഴിൽ നികുതി | 1,066,518 | 1,335,450 | | |
| | വിനോദ നികുതി | 57,642 | 45,572 | | |
| | പരസ്യ നികുതി | 0 | 5,000 | | |
| | | 3628753 | 6950918 | 3322165 | +91% |
| നികുതിയേതര വരവുകൾ (ഇനം തിരിച്ച്) | | | | | |
| | ലൈസൻസ് (ഡി ആന്റ് ഒ) | 83,368 | 155,740 | | |
| | മാർക്കറ്റ് ബസ്സ്റ്റാന്റ് | 0 | 0 | | |
| കെ പി ബി ആർ | പെർമിറ്റ് ഫീ | 205,012 | 250,340 | | |
| | റഗുലറൈസേഷൻ ഫീ | 85,389 | 168,540 | | |
| | അപേക്ഷാ ഫീ | 8,057 | 18,766 | | |
| | വിവാഹം | 33630 | 31125 | | |
| | ജനന – മരണം | 3980 | 860 | | |
| | വാടക | 197,280 | 314,979 | | |
| | ലേലം | 0 | 11,525 | | |
| | | 616716 | 951875 | 335159 | 54% |
| മറ്റ് വരവുകൾ (ഇനം തിരിച്ച്) | | | | | |
| | പാരാ മെഡിക്കൽ രജിസ്ട്രേഷൻ | 5,100 | 4,700 | | |
| | ട്യൂട്ടോറിയൽ രജിസ്ട്രേഷൻ | 700 | 1,400 | | |
| | പന്നികൾക്കും പട്ടികൾക്കും ലൈസൻസ് | 90 | 810 | | |
| | റിക്കവറി | 9335 | 165413 | | |
| | ലൈബ്രറി | 5,615 | 5,255 | | |
| | പോസ്റ്റ് | 0 | 0 | | |
| | പലിശ (സ്ഥിര നിക്ഷേപം) | 0 | 113,809 | | |
| | പലിശ (ബാങ്ക് അക്കൗണ്ടുകൾ) | 72,267 | 125,089 | | |
| | വിൽപന(ടെൻഡർ,ഫോമുകൾ,സ്റ്റോർ) | 178,828 | 292107 | | |
| | പലവക | 2 | 1 | | |
| | കാലഹരണപ്പെട്ട നിക്ഷേപങ്ങൾ മുതൽ കൂട്ടിയത് | 0 | 0 | | |
| | | 271937 | 708584 | 436647 | 160% |

| | | | | |
|---|---|---|---|---|
| ആകെ | 45,17,406 | 86,11,377 | 40,93,971 | 91% |

കുറിപ്പ് :

1. മുൻ വാർഷിക ധനകാര്യപത്രിക പ്രകാരമാണ് 2015-16 വർഷത്തെ കണക്കുകൾ എടുത്തിട്ടുള്ളത്.

## 1-8 സാമൂഹ്യക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 2,24,400 | 162 |
| കർഷകതൊഴിലാളി വേതനം | 39,15,490 | 443 |
| വിധവാപെൻഷൻ | 1,39,90,640 | 1251 |
| വാർദ്ധക്യകാല പെൻഷൻ | 2,17,45,130 | 2304 |
| വികലാംഗ പെൻഷൻ | 34,29,670 | 359 |
| വിവാഹ ധനസഹായം (സാധുക്കളായ വിധവകളുടെ പെൺമക്കൾക്ക്) | 3,90,000 | 6 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 7,55,150 | 77 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 31.10.2017 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 101323/- രൂപ ക്യാഷ് ബാലൻസിന്റെ / നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

1 മാസ്റ്റർ ഇംക്യുംബൻസി രജിസ്റ്റർ സൂക്ഷിക്കുന്നില്ല

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേതുൾപ്പെടെയുള്ള നിർവഹണ ഉദ്യോഗസ്ഥരുടെ പേര്,തസ്തിക, ഓഫീസിലെത്തിയ തിയ്യതി, കാലയളവ്, റിട്ടയർമെന്റ് തിയ്യതി, സ്ഥലം മാറിപ്പോയ തിയ്യതി, ഓഫീസ് വിലാസം, സ്ഥിരം മേൽവിലാസം എന്നിവ രേഖപ്പെടുത്തുന്ന മാസ്റ്റർ ഇംക്യുംബൻസി (കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെയും എല്ലാ നിർവഹണ ഉദ്യോഗസ്ഥരുടെയും വിവരങ്ങളും കൂടി ഉൾപ്പെടുത്തി) രജിസ്റ്റർ പഞ്ചായത്ത് സൂക്ഷിക്കുന്നില്ല. ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി മാസ്റ്റർ ഇൻക്യുംബൻസി രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്.

2.ഭിന്നശേഷിക്കാരായ എല്ലാ വ്യക്തികളുടെയും വിവരങ്ങൾ ഉൾകൊള്ളുന്ന രജിസ്റ്റർ

സ.ഉ(സാ.ധാ) നം.2465/2016/ തസ്വഭവ തിയ്യതി 17.08.2016 പ്രകാരം ഭിന്നശേഷിക്കാരായ എല്ലാ വ്യക്തികളുടെയും വിവരങ്ങൾ ഉൾകൊള്ളുന്ന ഒരു രജിസ്റ്റർ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്. ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.09.2017 | 07/2017 & 08/2017 | ലഭിച്ചിട്ടില്ല |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23-04-2003 മുതൽ 09-05-2003 വരെ | 1997-98 മുതൽ 2001-02 വരെ | 31.07.2003 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 നിഷ്ക്രിയ അക്കൗണ്ടുകൾ ക്ലോസ്സ് ചെയ്തിട്ടില്ല

ഗ്രാമ പഞ്ചായത്ത് വ്യത്യസ്ത ആവശ്യങ്ങൾക്ക് വേണ്ടി തുടങ്ങിയ ബാങ്ക് അക്കൗണ്ടുകൾ കാലങ്ങളായി ഇടപാടുകൾ ഇല്ലാതെ കിടക്കുകയാണ്. പ്രസ്തുത നിഷ്ക്രിയ അക്കൗണ്ടുകൾ ക്ലോസ്സ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്

| | Bank | A/c No | അവശേഷിക്കുന്ന തുക RP 40(b) | അവസാനം ഇടപാട് നടത്തിയ തിയ്യതി |
|---|---|---|---|---|
| 1 | KGB, SGSY | 0267 | 2,34,501 | 01.01.2010 |
| 2 | KGB, TS | 1591 | 38,365 | 30.05.2008 |
| 3 | SBT (OAP) | 220 | 68,673 | 31.05.2008 |
| 4 | KGB, PLAN | 2622 | 9,03,730 | 01.08.2012 |
| 5 | SBT (NREGS) | - | 183 | - |
| 6 | MDCB | 0052 | 36,557 | 22.09.2011 |

## 2-2 2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് പ്രകാരമുള്ള നടപടികൾ സ്വീകരിച്ചില്ല

2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസിലെ നിർദ്ദേശാനുസരണം പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ ഉപയോഗം സംബന്ധിച്ച് 24.09.2016 ൽ സർക്കാർ പുറപ്പെടുവിച്ച സർക്കുലർ നമ്പർ. 576/ഡി.സി/1/2016/തസ്വഭവ പ്രകാരം ചില മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്.

1).വിൽപ്പന സാധനങ്ങൾ 50 മൈക്രോണിൽ കുറയാത്ത പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ മാത്രമേ വിതരണം ചെയ്യാൻ പാടുള്ളു.

2).പ്ലാസ്റ്റിക് ക്യാരി ബാഗുകൾക്ക് വില ഈടാക്കുന്നതാണ് എന്ന വിവരം വ്യക്തമായ രീതിയിൽ കച്ചവട സ്ഥാപനങ്ങളിൽ പ്രദർശിപ്പിക്കേണ്ടതാണ്.

3).വിൽപ്പന സാധനങ്ങൾ പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ വിതരണം ചെയ്യുന്ന വ്യാപാരികളും തെരുവ് കച്ചവടക്കാരും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്തിരിക്കണം.

4).ഒരു മാസം കുറഞ്ഞത് 4000/- രൂപ നിരക്കിൽ ഒരു വർഷത്തേക്ക് 48000/- രൂപ പ്ലാസ്റ്റിക് മാലിന്യ പരിപാലന ഫീസായി ഈടാക്കി മേൽ പ്രകാരം രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തിരമായി വിജ്ഞാപനം / ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

5).പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗത്തിന്റെ തോത് അനുസരിച്ച് കൂടുതൽ തുക പ്ലാസ്റ്റിക് മാലിന്യ പരിപാലന ഫീസായി വ്യാപാരികളിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്.

6).പ്ലാസ്റ്റിക് പരിപാലന ഇനത്തിൽ ലഭ്യമാകുന്ന തുക അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ അധികാര പരിധിയിൽ സുസ്ഥിര മാലിന്യ പരിപാലന സംവിധാനങ്ങൾക്കായി ഉപയോഗപ്പെടുത്തേണ്ടതാണ്.

മേൽ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 2-3 വസ്തു നികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ച ഉണ്ടാവുന്നു

ഗ്രാമപഞ്ചായത്തിൽ 2016-2017 വർഷത്തിൽ വസ്തുനികുതിയിനത്തിൽ വൻ തുകകൾ പിരിച്ചെടുക്കുവാനുണ്ടെന്ന് ബാലൻസ് ഷീറ്റിലെ കണക്കുകൾ സൂചിപ്പിക്കുന്നു. വാർഷിക ധനകാര്യ പത്രികകൾ പ്രകാരമുള്ള) വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| | |
|---|---|
| തൻവർഷ കുടിശ്ശിക | 41,54,560 |
| മുൻവർഷങ്ങളിലെ കുടിശ്ശിക | 18,33,230 |
| ആകെ | 59,87,790 |

പഞ്ചായത്ത് ഫണ്ടിലേക്ക് വരുന്ന വരവിനത്തിൽ മുഖ്യപങ്കും വഹിക്കുന്നത് വസ്തു നികുതിയാണ്. എന്നാൽ വസ്തുനികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനുള്ള (100%) നടപടികൾ ഒന്നും തന്നെ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. തനത്ഫണ്ടിലേക്ക് ലഭ്യമാകേണ്ട നികുതി യഥാസമയം പിരിച്ചെടുക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു.

വസ്തു നികുതി സംബന്ധിച്ച് ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ പ്രിന്റ് ചെയ്ത് സംഗ്രഹം സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

## 2-4 ഡി ആന്റ് ഒ ലൈസൻസ് ലൈസൻസ്- വിതരണം കാര്യക്ഷമമല്ല

സ്വയംഭരണ അധികാരമുള്ള പഞ്ചായത്തിന്റെ ഏതെങ്കിലുമൊരു സ്ഥലം മനുഷ്യന്റെ ജീവനോ സ്വത്തിനോ ആരോഗ്യത്തിനോ അപകടകരമാകാനിടയുള്ള കാര്യങ്ങൾക്ക് ഉപയോഗിക്കുകയാണെങ്കിൽ സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെ പ്രവർത്തിക്കാൻ പാടില്ലാത്തതാകുന്നു എന്ന് കേരള പഞ്ചായത്ത് രാജ് നിയമം (വകുപ്പ് 232) വ്യക്തമാക്കുന്നു. സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പ് ലൈസൻസ് പുതുക്കേണ്ടതും പുതുതായി ആരംഭിക്കുന്നവയുടെ കാര്യത്തിൽ തുടങ്ങുന്നതിന് 30 ദിവസം മുമ്പും ലൈസൻസിന് അപേക്ഷിക്കേണ്ടതുണ്ട്. പ്രവർത്തിക്കാനാവശ്യമായ ലൈസൻസ് നിശ്ചിത ഫീസീടാക്കിയാണ് (പട്ടിക II,III & IV) പഞ്ചായത്ത് നൽകേണ്ടത് (ചട്ടം 10).

2016-17 സാമ്പത്തിക വർഷത്തെ ലൈസൻസ് സംബന്ധിച്ച സംക്ഷിപ്തം.

| 2015-16 ലെ അപേക്ഷകരുടെ എണ്ണം | 2016-17 ലെ അപേക്ഷകരുടെ എണ്ണം | | | ആകെ |
|---|---|---|---|---|
| | പുതുക്കിയവർ | പുതുക്കാത്ത അപേക്ഷകർ | പുതിയ അപേക്ഷകൾ | |

| | | | | |
|---|---|---|---|---|
| 470 | 513 | - | 84 | 597 |

ഗ്രാമ പഞ്ചായത്തിലെ 19 വാർഡുകളിലെ കച്ചവട സ്ഥാപനങ്ങളിൽ ലൈസൻസ് എടുത്തവരുടെ എണ്ണം തുലോം തുച്ഛമാണ്. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ കച്ചവട സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് വേണ്ടി കേരളാ പഞ്ചായത്ത് രാജ് നിയമം ചട്ടം 205 ബി അനുസരിച്ച് നികുതിക്ക് വിധേയരായവരുടെ ലിസ്റ്റ് കെട്ടിട /ഭൂമിയുടെ ഉടമസ്ഥനോട് ആവശ്യപ്പെടാവുന്നതും ആയത് ഉറപ്പ് വരുത്തേണ്ടതുമാണ്. 2016-17 ൽ ലൈസൻസ് പുതുക്കുന്നതിന വേണ്ടി അപേക്ഷിച്ചവർ 513 ആണ്. എന്നാൽ (513-470) 43 പേര് 2015-16 ൽ പുതുക്കിയിട്ടില്ല. ഇത് പഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് വന്ന ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. മാത്രവുമല്ല പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു ട്രേഡേഴ്സ് രജിസ്റ്റർ സെക്ഷൻ സൂക്ഷിക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധിച്ചിട്ടില്ല. തയ്യാറാക്കിയ ട്രേഡേഴ്സ് ലിസ്റ്റ് അപൂർണമാണ്. അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്കു മാത്രം ലൈസൻസ് പുതുക്കി നൽകുക എന്ന രീതിയാണ് പഞ്ചായത്ത് അവലംബിച്ചിരിക്കുന്നത്. നിശ്ചിത സമയത്ത് ലൈസൻസ് പുതുക്കാത്തവരിൽ നിന്ന് ചട്ടപ്രകാരമുള്ള നടപടികളെടുത്തതായി ബന്ധപ്പെട്ട ഫയലിൽ ലഭ്യമല്ല. ഇത് മൂലം സാമ്പത്തിക വർഷം ആരംഭിക്കുന്നതിന്റെ ഒരു മാസം മുന്നേ ലഭിക്കേണ്ട അപേക്ഷകൾ ലഭിക്കാതിരിക്കുകയും ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സാഹചര്യം ഉണ്ടാവുകയും ചെയ്യുന്നു. ഇതു തിരിച്ചറിയപ്പെടാതെ പോകുന്നതുമൂലം ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന സാഹചര്യം ഉടലെടുക്കുകയും തൻമൂലം ലൈസൻസ് ഫീസ് , തൊഴിൽ നികുതി എന്നീ ഇനങ്ങളിൽ ഭീമമായ സംഖ്യ പഞ്ചായത്തിന് നഷ്ടപ്പെടുകയും ചെയ്യുന്നു.

ലൈസൻസ് പുതുക്കി നൽകുമ്പോൾ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തേണ്ടതും, സ്ഥലനാമ നിബന്ധന ഉറപ്പാക്കേണ്ടതും അന്വേഷണ റിപ്പോർട്ട് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. സ്ഥല പരിശോധന നടത്താതെ ലൈസൻസ് പുതുക്കി കൊടുക്കുമ്പോൾ വിറ്റുവരവ് വർദ്ധിച്ചിട്ടുണ്ടോ എന്നും അതു പോലെ അനധികൃതമായി ഒന്നും വിൽപന നടത്തുന്നില്ലാ എന്നും, അപേക്ഷയിൽ പറഞ്ഞ കാര്യങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്താനും സാധിക്കാതെ വരുന്നു. നിലവിൽ ഇപ്രകാരമുള്ള നടപടികളിൽ വീഴ്ചയുണ്ടാകുന്നു. സ്ഥലപരിശോധന നടത്തുന്നതിലൂടെ പഞ്ചായത്തിന്റെ ഇടപെടൽ ഈ രംഗത്ത് ഉണ്ടെന്ന് ഉറപ്പു വരുത്താനും ലൈസൻസ് വിതരണം കാര്യക്ഷമമാക്കുന്നതിനും സാധിക്കുന്നു.

ഫെബ്രുവരി മാസത്തിലെ അവസാന പ്രവർത്തന ദിവസം മുൻവർഷം ലൈസൻസ് എടുത്തവർ എല്ലാം ലൈസൻസ് പുതുക്കിയിട്ടുണ്ടെന്ന് ലൈസൻസ് സെക്ഷൻ ഉറപ്പു വരുത്തേണ്ടതാണ്. പുതുക്കാതെ പ്രവർത്തിക്കുന്നവരുടെ വിവരങ്ങൾ ട്രേഡേഴ്സ് രജിസ്റ്റർ പരിശോധിച്ച് കണ്ടെത്തി നോട്ടീസ് നൽകേണ്ടതാണ്. ലൈസൻസ് പുതുക്കാത്തവരിൽ നിന്നും 1000 രൂപ പിഴ ഈടാക്കേണ്ടതാണ് (ചട്ടം 26).തുടർ നടപടി സ്വീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

## 2-5 <u>മൊബൈൽ ടവറ്- വസ്തു നികുതി ഈടാക്കുന്നില്ല</u>

തദ്ദേശസ്വയംഭരണ (ആർ.ഡി.) വകുപ്പിന്റെ 14.01.11 ലെ സർക്കാർ ഉത്തരവ് (അച്ചടി)19/2011/തസ്വഭവ പ്രകാരം മൊബൈൽ ടെലഫോൺ ടവറുകൾക്ക് ബാധകമായ വസ്തുനികുതി നിരക്ക് ച.മീറ്ററിന് 500 രൂപയായി മംഗലം ഗ്രാമപഞ്ചായത്ത് വിജ്ഞാപനം ചെയ്തിരുന്നു. ആയത് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ 2 മൊബൈൽ ടവറുകളുടെ വസ്തു നികുതി മാത്രമേ നാളിതുവരെ പരിഷ്കരിച്ചിട്ടുള്ളൂ. (സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം). വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | വാർഡ് നമ്പർ/ കെട്ടിട നമ്പർ | ടവർ കമ്പനിയുടെ വിവരം | വിസ്തീർണ്ണം (ച.മീറ്ററിൽ) | പരിഷ്കരിച്ച വസ്തുനികുതി (നിയമാനുസൃത ഇളവുകളും വർദ്ധനവും ഉൾപ്പെടെ) |
|---|---|---|---|---|
| 1 | 14/ | മാനേജർ | 29 | വാർഷിക വസ്തു നികുതി - 13050 |

| | | | | |
|---|---|---|---|---|
| | 353 C | (ഇൻഡസ് ടവർ)<br>പാലാരിവട്ടം | | ഗ്രന്ഥ ശാല വരി - 653<br>................................................<br>ആകെ - 13,703 |
| 2 | 15/389 B | വയർലസ്സ് ടി ടി ഇൻഫോ സർവീസസ് ലിമിറ്റഡ്<br>കൊച്ചി-25 | 15 | വാർഷിക വസ്തു നികുതി - 9000<br>ഗ്രന്ഥ ശാല വരി - 450<br>................................................<br>ആകെ -9450 |

ടവറുകളിൽ നിന്ന് വസ്തു നികുതി ഈടാക്കിയതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്ര.ന | വാർഡ് / കെട്ടിട നമ്പർ | ടവർ | ഈടാക്കാനുള്ള നികുതിയുടെ വിവരം |
|---|---|---|---|
| 1 | (14-കോലളമ്പ്)<br>353 C | മാനേജർ<br>(ഇൻഡസ് ടവർ)<br>പാലാരിവട്ടം | 2010-11 മുതൽ ഈടാക്കാനുണ്ട്.<br>ആകെ കുടിശ്ശിക ₹ 1,52,689 |
| 2 | (15-വൈദ്യർമൂല)<br>15/389 B | വയർലസ്സ് ടി ടി ഇൻഫോ സർവീസസ് ലിമിറ്റഡ്<br>കൊച്ചി-25 | 2013-14 മുതൽ ഈടാക്കാനുണ്ട്.<br>ആകെ കുടിശ്ശിക ₹ 57,780 |

1) മേൽ ടവറുകളിൽ നിന്ന് നാളിതു വരെ വസ്തു നികുതി ഈടാക്കിയിട്ടില്ല. കേരളപഞ്ചായത്ത് രാജ് ആക്ട് 1994, സെക്ഷൻ 243 പ്രകാരം പഞ്ചായത്തിനു കിട്ടാനുള്ള ഏതെങ്കിലും നികുതിയോ മറ്റു സംഖ്യയോ മൂന്നു വർഷത്തിനുള്ളിൽ ഈടാക്കിയില്ലെങ്കിൽ കാലഹരണപ്പെട്ടുപോകും എന്ന് വ്യക്തമാക്കുന്നു. വസ്തു നികുതി ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. വസ്തു നികുതി പിഴ സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

2) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളെ സംബന്ധിക്കുന്ന കൃത്യമായ വിവരങ്ങൾ/രജിസ്റ്റർ പഞ്ചായത്തിൽ ലഭ്യമല്ല. അനധികൃതമായി ടവറുകൾ പെരുമ്പറപ്പ്, ഹൈജേപ്പടി, തട്ടാൻപടി, ഐലക്കാട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. ആയത് ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി സെക്ഷൻ അറിയിച്ചു. തുടർനടപടി അറിയിക്കേണ്ടതാണ്.

3) തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 19.10.2014-ലെ 40395/RC2/2014/LSGD നമ്പർ സർക്കുലർ പ്രകാരം സംസ്ഥാനത്ത് അനധികൃതമായി മൊബൈൽ ടവറുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിച്ചുവരുന്നതായി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നഗരസഭകളിൽ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയതായും, വിജിലൻസിന്റെ കണ്ടെത്തലിന്റെ വെളിച്ചത്തിൽ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും തങ്ങളുടെ പരിധിയിലുള്ള മുഴുവൻ മൊബൈൽ ടവറുകളെയും കണ്ടെത്തുന്നതിന് ഒരു 'സ്പെഷ്യൽ ഡ്രൈവ്" നടത്തി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി, തദ്ദേശ ഭരണ സ്ഥാപനത്തിന് ലഭിക്കാനുള്ള പെർമിറ്റ് ഫീസ് / വസ്തു നികുതി കുടിശ്ശിക സഹിതം ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്നും കർശന നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി നിർണയിച്ച് നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ആശ്രയ ഭവനനിർമ്മാണം ,(പ്രോജക്ട് നം.s0084/17) ആശ്രയ ആരോഗ്യസേവനങ്ങൾ -മറ്റ് സേവനങ്ങൾ ( പ്രോജക്ട് നം. SOO21/17) എന്നിവയ്ക്ക് വേണ്ടി യഥാക്രമം ബിൽ നം.25/2016 -17 dtd.24.3.17. 250000/-രൂപയും.ബിൽ നം.27/2016-17.dtd.24.3.17. 100000/- രൂപയും ട്രഷറിയിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ആയത് സംബന്ധിച്ചുള്ള ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക 3,50,000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 3-2 സ്പോർട്സ് കിറ്റ് വിതരണം - ജില്ലാ സ്പോർട്സ് കൗൺ സിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്ട് നം. s0064/17.

vr.No.21600994.dtd.30.3.17. 98145/-

സ്റ്റോപ്പ് സ്പോർട്സ്,നിലമ്പൂർ എന്ന സ്ഥാപനത്തിൽ നിന്നും ഫുട്ബോൾ,വോളിബോൾ, ക്രിക്കറ്റ് ബാറ്റ് ഉൾപ്പെടെ 9 ഇനങ്ങൾ 46 എണ്ണം വീതം വാങ്ങി 45 ക്ലബുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ജില്ലാ സ്പോർട്സ് കൗൺസിൽ നെഹ്റു യുവകേന്ദ്ര എന്നിവിടങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ക്ലബുകൾക്ക് മാത്രമെ സ്പോർട്സ് കിറ്റ് വിതരണം ചെയ്യാൻ പാടുള്ളൂ. എന്നാൽ ജില്ലാ സ്പോർട്സ് കൗൺസിൽ / നെഹ്റു യുവകേന്ദ്ര എന്നിവിടങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മേൽ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക 98145/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 3-3 കിണർ നിർമ്മാണം - സബ്സിഡി അധിക നിരക്കിൽ നൽകി.

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.സെക്രട്ടറി.

പ്രോജക്ട് നം. - SOO11/17.

ട്രഷറി ബിൽ നം 4/2016 -17. തിയതി 28.12.16.17500/-

ട്രഷറി ബിൽ നം.14/2016 -17.തിയതി 31.3.17. 192500/-

മേൽ പ്രോജക്ടിൽ 12 ഗുണഭോക്താക്കൾക്ക് കുടിവെള്ള കിണർ നിർമ്മിച്ചതിന് 17500/- രൂപ നിരക്കിൽ മൊത്തം 210000/- രൂപ നൽകിയിട്ടുണ്ട് .ജി.ഒ.(എം.എസ്) 4/2016 തസ്വഭവ തി.11.1.2016 പ്രകാരം ഇടനാട്പ്രദേശത്ത്പൊതുവിഭാഗം/പട്ടികജാതി/ വർഗ്ഗം എന്നി ഗുണഭോക്താക്കൾക്ക് പരമാവധി 17000/-രൂപയ്ക്കാണ് അർഹതയുള്ളത്. എന്നാൽ മേൽ ട്രഷറി ബിൽ പ്രാകരം 12 ഗുണഭോക്താക്കൾക്ക് 17500/- നിരക്കിൽ സബ്സീഡി നൽകിയിട്ടുണ്ട് . അധികം നൽകിയ 6000/- രൂപ ഗുണഭോക്താക്കളിൽ നിന്നോ ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നോ തിരികെ ഈടാക്കേണ്ടതാണ്.

### 3-4 ചെറുകിട മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ - പൂർത്തികരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്ട് നം. - s0083/17

ട്രഷറി ബിൽ നം.14/2016 -17 dtd.2.3.17. 674341/-

ട്രഷറി ബിൽ നം.37/2016 -17 dtd.31.3.17. 762215/-

മേൽ പ്രോജക്ട് പ്രകാരമുള്ള മാലിന്യ സംസ്ക്കരണ പ്ലാന്റ് നിർമ്മിച്ച് നൽകുന്നതിനായി കോസ്റ്റ്ഫോർഡ് , തൃശ്ശൂർ എന്ന സ്ഥാപനവുമായി എഗ്രി.നം. 1209/2016-17.തിയതി.15/02/2017 പ്രകാരം പഞ്ചായത്ത് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

എന്നാൽ കരാറിൽ പൂർത്തീകരണ കാലവധി രേഖപ്പെടുത്തിയിട്ടില്ല. പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ 8 യൂണിറ്റുകൾ സ്ഥാപിക്കുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്.എന്നാൽ ഏതെല്ലാം സ്ഥലങ്ങളിൽ ആണെന്ന് രേഖപ്പെടുത്തിയിട്ടില്ല. 2016-17 വർഷത്തിൽ 14,36,556/- രൂപ കോസ്റ്റ്ഫോർഡിന് നല്കിയിട്ടുണ്ട്. പ്രവൃത്തിയുടെ പൂർത്തീകരണ വിവരം ലഭ്യമല്ല. പ്രവൃത്തി പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ ചെലവ് തുക 14,36,556/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 SSA പഞ്ചായത്ത് വിഹിതം - വിനിയോഗ സാക്ഷ്യപത്രം , എസ്റ്റിമേറ്റ് എന്നിവ ഹാജരാക്കിയില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ്മാസ്റ്റർ

പ്രോജക്ട് നം. - s0106/17

ട്രഷറി ബിൽ നം. - 2/2016-17 തിയതി 19.12.17. 1800000/-

എസ്.എസ്.എ പഞ്ചായത്ത് വിഹിതം ഇനത്തിൽ മേൽ തുക പ്രോജക്ട് ഓഫീസർ , എസ്.എസ്. എ മലപ്പുറത്തിന് നൽകിയിട്ടുണ്ട്. എന്നാൽ ആയതിന്റെ എസ്റ്റിമേറ്റ്, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 ഫിസിയോ തെറാപ്പി ഫോർ ഡിസേബിൾഡ് ചിൽഡ്രൻ - മാർഗ്ഗ രേഖയിൽ പരാമർശിക്കാത്ത ചെലവ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ്മാസ്റ്റർ

പ്രോജക്ട് നം. - s0109/17.

വൗച്ചർ നം.21600467.തിയതി.24.1.17. 71390/-

വൗച്ചർ നം.21600778.തിയതി.22.2.17. 50345/-

വൗച്ചർ നം.21600917.തിയതി.20.3.17. 26120/-

വികലാംഗരായ കുട്ടികൾക്ക് ഫിസിയോതെറാപ്പി ചെയ്തതിന് തനത് ഫണ്ടിൽ നിന്നും 147855/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഫിസിയോതെറാപ്പിസ്റ്റിന് ദിവസേന 1500/- പ്രതിഫലം നൽകിയതിനും കുട്ടികൾക്ക് റിഫ്രഷ്മെന്റ് നൽകിയതിനുമാണ് മേൽ തുക ചെലവഴിച്ചിട്ടുള്ളത്.(ഫിസിയോതെറാപി പ്രതിഫലം -129000/- റിഫ്രഷ്മെന്റ് -18855/-) ജി.ഒ.(എം.എസ്) 4/2016. തസ്വഭവ തിയതി 11.1.2016. ഇപ്രകാരമുള്ള പ്രോജക്ട് ചെയ്യുന്നതിന് അനുമതി നൽകിയിട്ടില്ല. സർക്കാരിന്റെ മുൻകൂർ അനുമതിയും വാങ്ങിയിട്ടില്ല. ഫിസിയോ തെറാപ്പി ആവശ്യമാണെന്ന് ഡോക്ടർ നിർദ്ദേശിച്ച രേഖയും ഇല്ല. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവ് ചെയ്തതിന് മതിയായ വിശദീകരണം നല്കേണ്ടതാണ്. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-7 മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ്മാസ്റ്റർ

പ്രോജക്ടിന്റെ പേര് - വിദ്യാഭ്യാസ ഗുണനിലവാരം വർദ്ധിപ്പിക്കൽ

പ്രോജക്ട് നം. - s0108/17.

വൗച്ചർ നം. -21600923. തിയതി.223.17. 115000/-

വൗച്ചർ നം. - 21600717. തിയതി.30.1.17. 32500/-

മേൽ പ്രോജക്ടിൽ സർക്കാർ സ്കൂൾ ലൈബ്രറികൾക്ക് പുസ്തകം വാങ്ങി നൽകിയതിന് 33000/- രൂപയും വിജയഭേരി നടത്തിപ്പിന് 30000/- രൂപയും സ്കൂൾ സ്പോർട്സ് നടത്തിയതിന് 32500/- രൂപയും സ്കൂൾ വാർഷീകം നടത്തിപ്പിന് 52000/- രൂപയും ചെലവഴിച്ചിട്ടുണ്ട്. ജി.ഒ.(എം.എസ്) 4/2016 തസ്വഭവ. തിയതി 11.1.2016 ഖണ്ഡിക നം.7.7 പ്രകാരം ഉല്പാദനപരമല്ലാത്ത പരിപാടികളായ മേളകൾ, ഉത്സവങ്ങൾ. സെമിനാറുകൾ എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടത്താൻ പാടുള്ളതല്ല. സ്പോർട്സ്, വാർഷികം എന്നിവയ്ക്ക് തുക ചെലവഴിച്ചിട്ടുള്ളത്

മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്. ആയതിനാൽ അനുമതി ഉത്തരവ് ലഭ്യമാകും വരെ ചെലവ് തുകയിൽ 84500/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-8 ആശ്രയ പദ്ധതി - വൻ തുക നിക്കിയരിപ്പ്

ആശ്രയ ഒന്നാംഘട്ടം 2007-12 കാലപരിധിയിൽ 156 അഗതി കുടുംബങ്ങളെ ഉൾപ്പെടുത്തി ആരംഭിച്ചിരുന്നു, സ.ഉ.(സാധാ) നം.1229/2017 തിയതി.19.04.2017 പ്രകാരം ആശ്രയ തുടർ സേവന പദ്ധതികൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആശ്രയ അക്കൗണ്ട് നം.40287100104279 കേരള ഗ്രാമീൺ ബാങ്ക് എടപ്പാൾ പ്രകാരം 31.03.2017ന് 20,35,960/- നീക്കിയിരിപ്പുണ്ട്. കാഷ്ബുക്ക് പ്രകാരം 31.03.2017 ന് 20,40,870/- നീക്കിയിരിപ്പുണ്ട്. 2016-17 വർഷത്തിൽ ആശ്രയ പദ്ധതിയിൽ തുടർ സേവന പ്രോജക്ട് തയ്യാറാക്കുന്നതിന് വേണ്ടി മാത്രം കേവലം 4910/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത് . സമൂഹത്തിലെ നിരാശ്രയരും നിരാലംബരുമായ ആശ്രയ ഗുണഭോക്താക്കൾക്ക് സേവനം നൽകുന്നതിൽ കാലവിളംബം വരുത്തുന്നത് ശരിയായ നടപടിയല്ല. ആശ്രയ ഗുണഭോക്താക്കൾക്ക് അർഹമായ സേവനങ്ങൾ നല്കി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് ബന്ധപ്പെട്ട അധികാരികളുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-9 വിനിയോഗ / പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ വിവിധ പദ്ധതികളിൽ വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രോജക്ടിന്റെ പേര് നമ്പർ | ബിൽ നം., തിയതി, | തുക | തുക നൽകപ്പെട്ടിട്ടുള്ളത്. |
|---|---|---|---|
| സാമൂഹ്യ സുരക്ഷ മിഷന് വിഹിതം നൽകൽ.<br>s0180/17 | 28/2016-17.<br>dtd.24.3.17. | 3,00,000/- | ഡയറക്ടർ കേരള സാമൂഹ്യ സുരക്ഷ മിഷൻ, തിരുവനന്തപുരം. |
| PMAY പഞ്ചായത്ത് വിഹിതം<br>s0082/17 | 21/2016 -17.<br>dtd.21.3.17. | 2,40,000/- | സെക്രട്ടറി<br>പൊന്നാനി ബ്ലോക്ക് പഞ്ചായത്ത്. |
| IKM വിഹിതം<br>s0076/17 | 9/2016-17.<br>20.12.16. | 53,665/- | എക്സി.ഡയറക്ടർ,<br>IKM തിരുവനന്തപുരം. |
| വാട്ടർ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ<br>s0185/17 | 32/2016-17.<br>29.3.17. | 12,00,000/- | അസി.എക്സി.എഞ്ചിനിയർ<br>വാട്ടർ അതോറിറ്റി, എടപ്പാൾ. |
| കോലോത്ത് പാടം പമ്പ് ഹൗസിന് വൈദ്യുതി കണക്ഷൻ<br>s0086/17 | 7/2016 -17.<br>dtd.30.9.17. | 70,170/- | അസി.എഞ്ചിനിയർ KSEB, ഇല.സെക്ഷൻ, എടപ്പാൾ. |

| | | | |
|---|---|---|---|
| | | | |
| | ആകെ | 1863835 | |

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ ചെലവ് തുക 1863835 തടസ്സപ്പെടുത്തുന്നു.

## 3-10 ഹോമിയോ ഡിസ്പൻസറി കെട്ടിടം അറ്റകുറ്റപണി - അപാകതകൾ

നിർവഹണ ഉദ്യോഗസ്ഥൻ - അസി. എഞ്ചിനീയർ

SO161/17

MB-3/16-17

ബിൽ-52/31.3.17

മൂല്യനിർണ്ണയം - 169671

കരാറുകാരൻ- ദിദീഷ്

കരാർ - 5/5.1.17

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം ഹോമിയോ ഡിസ്പൻസറി കെട്ടിടത്തിലെ കേടുവന്ന വാതിലുകൾ മാറ്റുക, ലീക്ക് ഒഴിവാക്കുന്നതിന് കെട്ടിടത്തിന് മുകൾ ഭാഗത്ത് ട്രസ്സ് വർക്ക് റൂഫിംഗ് ഷീറ്റ്, പുറം ഭാഗം പെയിന്റിംഗ്, കെട്ടിടത്തിന് മുൻവശത്തിൽ ടൈൽസ് വിരിക്കൽ എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. 13.11.17 ന് പ്രസ്തുത കെട്ടിടം നേരിൽ സന്ദർശിച്ചതിൽ കെട്ടിടത്തിൽ അപൂർണ്ണമായി പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയതുമൂലം കെട്ടിടം ഇപ്പോഴും ശോചനീയമായ അവസ്ഥയിലാണെന്ന് ബോധ്യപ്പെട്ടു.

താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപെട്ടു.

1. ലീക്ക് ഒഴിവാക്കുന്നതിന് റൂഫിംഗ് ഷീറ്റ് സ്ഥാപിച്ചെങ്കിലും ട്രസ്സ് വർക്കിനായി സ്ഥാപിച്ച GI പൈപ്പുകളുടെ ഉയരം കൂടുതലായതിനാലും നാലു വശങ്ങളും ഓപ്പൺ ആയതിനാലും മഴപെയ്യുമ്പോൾ ഓപ്പൺ ആയ ഭാഗങ്ങളിലൂടെ വെള്ളം കയറുകയും കെട്ടിടത്തിന് ലീക്ക് ഉണ്ടാവുകയും ചെയ്യുന്നു.

2. കെട്ടിടത്തിന്റെ ഫ്രണ്ട് യാർഡിൽ കുറച്ചു ഭാഗം റൂം ആക്കുന്നതിന്റെ ഭാഗമായി ഉയരം കൂട്ടി കോൺക്രീറ്റ് ചെയ്ത് ടൈൽസ് വിരിച്ചിട്ടുണ്ട്. ടൈൽസ് വിരിച്ചതിന്റെ എഡ്ജിൽ പ്ളാസ്റ്ററിംഗ് ചെയ്യാത്തതിനാൽ ടൈൽസ് പല ഭാഗത്തും പൊട്ടിയിട്ടുണ്ട്.

3. കെട്ടിടത്തിന് ഉൾവശത്തെ പല ജനവാതിലുകളും നശിച്ച് പോയിട്ടുണ്ടെങ്കിലും ഒരു ജനവാതിൽ മാറ്റുന്നതിന് മാത്രമാണ് എസ്റ്റിമേറ്റിൽ പ്രൊവിഷൻ വച്ചിട്ടുള്ളത്.

4. കെട്ടിടത്തിന് ഉൾവശം ലീക്ക് വന്ന് ജീർണ്ണാവസ്ഥയിലാണെങ്കിലും പുറം വശം മാത്രമാണ് പെയിന്റിംഗിന് എസ്റ്റിമേറ്റിൽ പ്രൊവിഷൻ വച്ചിട്ടുള്ളത്.

5. കെട്ടിടത്തിന് മുകളിൽ ഉയരം കൂട്ടി റൂഫിംഗ് ഷീറ്റ് സ്ഥാപിച്ചെങ്കിലും പ്രസ്തുത ഏരിയ ഉപയോഗപ്പെടുത്തുന്നതിന് സ്റ്റയർകേസ് സ്ഥാപിച്ചിട്ടില്ല.

6. എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകതമൂലം കെട്ടിടത്തിന് മുകളിൽ നിന്നും ഒഴികിയെത്തുന്ന വെള്ളം കെട്ടിടത്തിന്റെ ഫ്രണ്ട് യാർഡിൽ ടൈൽസ് വിരിച്ച ഭാഗത്തേക്കാണ് വീഴുന്നത്. ഈ ഭാഗത്താണ് ആശുപത്രിയിൽ വരുന്ന രോഗികൾക്ക് ഇരിക്കാനുള്ള സൗകര്യം ഒരുക്കിയിരിക്കുന്നത്.

ഗ്രാമ പഞ്ചായത്തിന്റെ പൊതുവായ വികസനത്തിനും ആസ്തികൾ സൃഷ്ടിക്കുന്നതിനും ഉപയോഗിക്കേണ്ട ഫണ്ടുകൾ പഞ്ചായത്തിലെ വാർഡുകൾക്കായി വീതിച്ചു നൽകുന്ന സമീപനമാണ് ഭരണ സമിതി സ്വീകരിച്ചിട്ടുള്ളത്. അതുകൊണ്ട് തന്നെ പഞ്ചായത്തിൽ സ്ഥായിയായ ആസ്തികൾ സൃഷ്ടിക്കപ്പെട്ടിട്ടില്ല.ഓരോ വാർഡുകളിലും വീതം വക്കുന്നതിനുള്ള ഫണ്ട് നിശ്ചയിക്കുകയും അതിനനുസരിച്ച് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് ഉണ്ടാക്കുകയും ചെയ്യുന്നതിനാലാണ് ഇത്തരത്തിൽ അപൂർണ്ണമായ പ്രവൃത്തികൾ ഉണ്ടാകുന്നത്. ഇത്തരത്തിൽ വാർഡുകൾക്ക് ഫണ്ട് വീതം വക്കുന്ന രീതി അവസാനിപ്പിക്കേണ്ടതാണ്. മേൽ കെട്ടിടത്തിന്റെ അപാകതകൾ പൂർണ്ണമായും പരിഹരിച്ചതിന്റെ വിവരം ഓഡിറ്റ്

റിപ്പോർട്ടിനുള്ള ആദ്യമറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

## 3-11 മരാമത്ത് പ്രവൃത്തികൾ - സേവന നികുതി അടവാക്കിയില്ല

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളിൽ നിന്നും നിയമാനുസൃത സേവന നികുതി ഈടാക്കി അടവാക്കിയിട്ടില്ല.

| പ്രൊജക്റ്റ് | മൂല്യ നിർണ്ണയം അനുവദിക്കേണ്ടത് | അടവാക്കേണ്ട സേവന നികുതി | അടവാക്കിയ നികുതി | കുറവ് |
|---|---|---|---|---|
| SO165/17<br>G.U.P.S വല്യാട് മെയിന്റനൻസ്<br>MB-94/15-16<br>ബിൽ-43/31.3.17 - 294899<br>കരാറുകാരൻ- TV.Unni<br>കരാർ - 7/5.1.17 | 294899<br>(266877+28022 ST) | 28022 | 0 | 28022 |
| SO169/17<br>കോലൊളമ്പ് മൃഗാശുപത്രി മെയിന്റനൻസ്<br>MB-9/16-17<br>ബിൽ-44/31.3.17 - 136890<br>കരാറുകാരൻ- TV.Sajeesh<br>കരാർ - 22/16.1.17 | 136890<br>(123883+13007 ST) | 13007 | 0 | 13007 |

| | | | | |
|---|---|---|---|---|
| | | | | |
| SO168/17<br>G.L.P.S പൊൽപാക്കര മെയിന്റനൻസ്<br>MB-6/16-17<br>ബിൽ-45/31.3.17 - 125136<br>കരാറുകാരൻ- TV.Unni<br>കരാർ - 8/5.1.17 | 125136<br>(113245+11891 ST) | 11891 | 0 | 11891 |
| SO161/17<br>ഹോമിയോ ആശുപത്രി മെയിന്റനൻസ്<br>MB-3/16-17<br>ബിൽ-52/31.3.17 - 169671<br>കരാറുകാരൻ- Dideesh<br>കരാർ - 5/5.1.17 | 169671<br>(153319+16122 ST) | 16122 | 0 | 16122 |
| | | | | 69042 |

69042 രൂപ നിർവഹണ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയാക്കാതിരിക്കണമെങ്കിൽ തുക കേന്ദ്ര സർക്കാരിലേക്ക് അടവാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

## 3-12 ബോംബെ പടി ഹെൽത്ത് സെന്റർ കാളച്ചാൽ റോഡ് പ്രവൃത്തി - സോളിംഗിന് മാത്രമായി പ്രൊജക്റ്റുണ്ടാക്കിയത് ക്രമപ്രകാരമല്ല

നിർവഹണ ഉദ്യോഗസ്ഥൻ - അസി. എഞ്ചിനീയർ

SO147/17

MB-8/16-17

ബിൽ-14/25.3.17

മൂല്യനിർണ്ണയം - 141680 (197600 x 28.3% Tender below)

കരാറുകാരൻ- മുഹമ്മദ് ഇക്ബാൽ.എ

ബോംബെ പടി ഹെൽത്ത് സെന്റർ കാളച്ചാൽ റോഡ് പ്രവൃത്തിയിൽ താഴെ പറയുന്ന ഇനങ്ങൾ മാത്രമാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി പ്രവൃത്തിയിൽ നടപ്പാക്കിയിട്ടുള്ളത്.

| ഇനം (Code) | അളവ് | തുക |
|---|---|---|
| 16.1 | 537 m2 x110.72 m2 | 59456.64 |
| 16.3.2 | 49.673 m3 x 1836.11 m3 | 91201.41 |
| 16.3.7 | 10.74 m3 x 2003.35 m3 | 21515.98 |
| 16.3.9 | 4.833 m3 x 437.03 m3 | 2112.17 |
| 16.4 | 40.275 m3 x 578.88 m3 | 23314.39 |
| | | 197600 |

സോളിംഗ് ചെയ്ത പ്രതലത്തിൽ ടാറിംഗ് ചെയ്യേണ്ടി വരുമ്പോൾ കല്ലുകൾ വീണ്ടും ഇളക്കേണ്ടിവരികയും വിരിക്കേണ്ടി വരികയും ചെയ്യുന്ന സാഹചര്യം ഉണ്ടാകുന്നതിനാൽ അനാവശ്യ ചെലവ് ഉണ്ടാകുന്നു. അതുകൊണ്ട് തന്നെ MORD സ്പെസിഫിക്കേഷൻ പ്രകാരം 2016-17 വർഷം മുതൽ WBM (Water Bound Mechadam) പാടില്ലായെന്നും WMM (Wet Mix Mechadam) ചെയ്യേണ്ടതാണെന്നും നിർദേശമുള്ളതാണ്. പ്രസ്തുത നിർദേശം പാലിക്കാതെ സോളിംഗിന് മാത്രമായി പദ്ധതി തയ്യാറാക്കിയത് ക്രമപ്രകാരമല്ല. റോഡിൽ ടാറിംഗ് നടത്തി വിവരം അറിയിക്കേണ്ടതാണ്.

## 3-13 അസിസ്റ്റന്റ് എഞ്ചിനീയറുടെ പദ്ധതി നിർവ്വഹണം - ഒരു വിശകലനം

2016-17 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 96 പദ്ധതികൾ തയ്യാറാക്കിയെങ്കിലും 42 പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടില്ല. 54 പ്രൊജക്ടുകളാണ് നടപ്പിലാക്കിയിട്ടുള്ളത്. ഇതിൽ 65 % വും റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളാണ്. അംഗീകാരം വാങ്ങിയ പദ്ധതികളിൽ 44%നടപ്പിലാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ മൊത്തം പദ്ധതി അടങ്കലിന്റെ 36.22%ശതമാനവും അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതികൾക്കായാണ് വകയിരുത്തിയിട്ടുള്ളത്. എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ മൊത്തം ചെലവിന്റെ 26.79 ചെലവ് മാത്രമാണ് അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17-ൽ ചെലവഴിച്ചിട്ടുള്ളത്.

ഗ്രാമ പഞ്ചായത്തിൽ 1അസിസ്റ്റന്റ് എഞ്ചിനീയറും 1ഓവർസിയറും (താൽകാലികം) 1 ഓഫീസ് ക്ലാർക്കും അടക്കം ആകെ 3 ജീവനക്കാരാണ് ഉള്ളത്. മുഴുവൻ പദ്ധതികളും നടപ്പിലാക്കാൻ കഴിയാത്തത് പഞ്ചായത്തിന്റെ പദ്ധതി പണം ലാപ്സാവുന്നതിന് ഇടയാക്കുന്നുണ്ട്. ഗ്രാമ പഞ്ചായത്തിലെ ഗ്രാമ സഭകളിൽ നിന്ന് ഉയർന്ന് വരുന്നതാണ് ഓരോ പദ്ധതികളും എന്നതിനാൽ പദ്ധതി നടപ്പിലാക്കാതിരിക്കുന്നത് ജനങ്ങൾക്ക് നൽകിയ വാഗ്ദാനം ലംഘിക്കുന്നതിന് തുല്യമാണ്. അംഗീകാരം കിട്ടിയ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാൻ ഭരണസമിതിയുടെഭാഗത്തുനിന്നും കൂടുതൽ ശ്രദ്ധപതിയേണ്ടതുണ്ട്.

ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാമ പഞ്ചായത്ത് | | അസിസ്റ്റന്റ് എഞ്ചിനീയർ | | ശതമാനം |
|---|---|---|---|---|
| ആകെ അടങ്കൽ | 56550209 | ആകെ അടങ്കൽ | 20487911 | 36.22 |
| ചെലവ് | 35427970 | ചെലവ് | 9492366 | 26.79 |
| ശതമാനം | 62.64 | ശതമാനം | 46.33 | |

വാർഷിക പദ്ധതിയിൽ ഉൾപ്പെടുന്ന മരാമത്ത് പ്രവൃത്തികളുടെ പ്രോജക്ടുകൾ പരിശോധിച്ചതിൽ പദ്ധതികളുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ, കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ ലംഘിക്കപ്പെടുന്നതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

1.റോഡ് കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കാതെ പ്രവൃത്തികൾ ഏറ്റെടുക്കുന്നു

റോഡുകളുടെ പുനരുദ്ധാരണം, ടാറിംഗ്, റീടാറിംഗ് പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയ റോഡിന്റെ വിശദാംശം, യുനീക്ക് നമ്പർ ഉൾപ്പെടെയുള്ള കാര്യങ്ങൾ പ്രോജക്ട് ഫോറത്തിലും, എസ്റ്റിമേറ്റ് റിപ്പോർട്ടിലും രേഖപ്പെടുത്താൻ നിർദ്ദേശമുള്ളതാണ്. ആസ്തി രജിസ്റ്ററിന്റെ അപ്ഡേറ്റിംഗ് നടക്കാത്ത സാഹചര്യത്തിൽ ഇത്തരം നിർദ്ദേശങ്ങൾ പ്രയോഗതലത്തിൽ വരുത്താനായില്ല.

ഗ്രാമപഞ്ചായത്തുകൾ അവയുടെ അധികാര പരിധിയിൽ വരുന്ന ഹൈവേകളുമായും മേജർ ജില്ലാ റോഡുകളുമായും ഏറ്റവും ചെറിയ ജനവാസ സ്ഥലങ്ങളിൽവരെ എത്തിച്ചേരുന്നതുമായ എല്ലാ റോഡുകളുടേയും ഒരു കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കാനും ബ്ലോക്ക് പഞ്ചായത്തിന് കൈമാറാനും പതിനൊന്നാം പഞ്ചവൽസര പദ്ധതി മുതലുള്ള മാർഗ്ഗരേഖകളിൽ നിർദ്ദേശമുള്ളതുമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കണക്ടിവിറ്റി മാപ്പുകൾ തയ്യാറാക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കാനും 28.2.2015 നകം പൂർത്തീകരിക്കാനും തദ്ദേശ ഭരണ വകുപ്പിന്റെ 14.10.2014 ലെ 45023/AB2/2014 സർക്കുലറിലും നിർദ്ദേശിച്ചതാണെങ്കിലും പ്രാരംഭ നടപടി പോലും പൂർത്തിയാക്കിയില്ലായെന്ന് കാണുന്നു. എഞ്ചിനീയറിംഗ് സ്ഥാപനമേധാവികൾ കണക്ടിവിറ്റി പ്ലാനിന്റെ ആവശ്യകത തദ്ദേശഭരണ സ്ഥാപനങ്ങളെ ബോദ്ധ്യപ്പെടുത്താനും അതിനുള്ള പ്രോജക്ട് നിർബന്ധമായും ഏറ്റെടുക്കാനുമുള്ള ചീഫ് എഞ്ചിനീയറുടെ 24.09.2014 ലെ DB2/8510/14 ലെ സർക്കുലറിലെ നിർദ്ദേശം നടപ്പിലാക്കേണ്ടതാണ്.

2.റോഡ് കോൺക്രീറ്റിംഗ് വ്യാപകമായി നിർവ്വഹിക്കുന്നു.

റോഡ് നിർമ്മാണം, മെച്ചപ്പെടുത്തൽ, പുനരുദ്ധാരണം എന്നിവയിൽ ചീഫ് എഞ്ചിനീയറുടെ നിലവിലുള്ള വ്യവസ്ഥകൾ പാലിച്ച് കൊണ്ട് മാത്രമേ കോൺക്രീറ്റിംഗ് പ്രവൃത്തികൾ ഏറ്റെടുക്കാവൂവെന്ന് പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയതാണ്. എന്നാൽ 3 മീറ്ററും അതിലധികവും വീതിയുള്ള റോഡിന്റെ ഉപരിതലം പോലും കോൺക്രീറ്റിംഗ് ചെയ്യുന്നത് മഴവെള്ളം കെട്ടി നിൽക്കുന്ന പ്രദേശം, കുത്തനെ കയറ്റമുള്ള റോഡ് പ്രതലം എന്നിങ്ങനെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയാണ്. എസ്റ്റിമേറിൽ വ്യക്തമായ കാരണം രേഖപ്പെടുത്താതെയും കോൺക്രീറ്റിംഗ് വ്യാപകമായി ചെയ്യുന്നുണ്ട്.

മഴവെള്ളം ഒഴുകിപ്പോകാൻ വേണ്ടത്ര സംവിധാനങ്ങൾ ഒരുക്കി നിർമ്മാണത്തിനും മെയിന്റനൻസിനും വലിയ സാമ്പത്തിക ചെലവ് വരുത്തിവെക്കുന്ന കോൺക്രീറ്റിംഗ്, അവശ്യമായ സ്ഥലങ്ങളിൽ മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്. പഞ്ചായത്ത് ഭരണ സമിതിയും സാങ്കേതിക മേൽനോട്ടം വഹിക്കുന്ന അസി.എഞ്ചിനീയറും നിർദ്ദേശം പരിശോധിച്ച് വ്യക്തമായ വിശദീകരണം നൽകേണ്ടതാണ്.

3. ഗുണഭോക്തൃ സമിതികളുടെ പ്രവർത്തനത്തിലെ അപാകതകൾ

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിന് ഗുണഭോക്തൃ സമിതികളുടെ സംഘാടനപരമായ കഴിവും സാമ്പത്തിക

ശേഷിയും ഒരു തലത്തിലും പരിശോധിക്കപ്പെടുന്നില്ല.

പ്രവൃത്തി സംബന്ധിച്ച് സൈറ്റിൽ ഡിസ്പ്ലേ ബോർഡ് പ്രദർശിപ്പിക്കാനുള്ള നിർദ്ദേശം ഒരു മരാമത്ത് പ്രവൃത്തിയുടെ നിർവ്വഹണത്തിലും നടപ്പിലാക്കുന്നില്ല. കോൺട്രാക്റ്ററുടെ/കൺവീനറുടെ പേര്, ഫോൺ നമ്പർ, എഞ്ചിനീയറുടെ പേര്, ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി ഡിസ്പ്ലേ ബോർഡ് സ്ഥാപിക്കാൻ എസ്റ്റിമേറ്റിൽ തുക വകയിരുത്താനും ചെലവഴിക്കാനും മാർഗ്ഗരേഖയിൽ വ്യവസ്ഥയുള്ളതാണ്. റോഡുകൾ നിർമ്മിക്കുമ്പോൾ പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിലെ നിർദ്ദേശ പ്രകാരമുള്ള ബോർഡുകൾ വയ്ക്കണമെന്ന് തദ്ദേശ ഭരണ വകുപ്പിന്റെ 14.10.2014 ലെ 45023/AB2/2014നമ്പർ സർക്കുലറിലും കർശന നിർദ്ദേശം നൽകിയതാണ്. ഗുണഭോക്തൃ കമ്മറ്റികൾ വഴിയുള്ള മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ 1997 ലെ കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് നടപടി ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്താൻ തദ്ദേശഭരണ വകുപ്പിന്റെ 4.3.2013 ലെ 1047/DA1/2013 ലെ സർക്കുലറിലും വ്യക്തമാക്കിയത് നടപ്പിലാക്കേണ്ടതാണ്.

4.ഗുണഭോക്തൃ സമിതികളുടെ വരവ് ചെലവ് കണക്ക് സൂക്ഷ്മ പരിശോധന നടത്തുന്നില്ല.

ഗുണഭോക്തൃ സമിതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രവൃത്തികളിൽ ചെലവ് കണക്കാക്കുന്നത് എസ്റ്റിമേറ്റിനെ അടിസ്ഥാനമാക്കിയുള്ള എഞ്ചിനീയറുടെ മൂല്യനിർണ്ണയ തുക, സമിതിക്ക് ചെലവായത് ഇവയിൽ കുറവായ തുകയാണ് അനുവദിക്കാൻ നിർദ്ദേശമുള്ളത്. നിർവ്വഹണവുമായി ബന്ധപ്പെട്ട് ഗുണഭോക്തൃ സമിതി സൂക്ഷിക്കുന്ന മുഴുവൻ മെറ്റീരിയൽ പർച്ചേസ് ബില്ലുകളും തൊഴിലാളികൾക്ക് കൂലി വിതരണവുമായി ബന്ധപ്പെട്ട മസ്റ്റർറോളും സൂക്ഷ്മ പരിശോധന നടത്തി യഥാർത്ഥ ചെലവ് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണം.

ഗുണഭോക്തൃ സമിതികൾ ഏറ്റെടുത്ത് നടപ്പാക്കിയ വിവിധ പ്രവൃത്തികളിൽ ചെലവുരേഖകൾ ശരിയായി സൂക്ഷിക്കുന്നില്ല. വിവിധ സാധനങ്ങൾക്ക് വാറ്റ് ബില്ല് അല്ല ഭൂരിപക്ഷം സമിതികളും സമർപ്പിച്ചിട്ടുള്ളത്. മെറ്റൽ, മണൽ എന്നിവ വാങ്ങുന്നതിന് യഥാർത്ഥ ബില്ല് ഒരു ഫയലിൽ പോലും കണ്ടെത്താൻ സാധിച്ചില്ല. സാധനങ്ങൾ ലഭ്യമാക്കിയതിന് വിവിധ വാഹന ഡ്രൈവർമാർക്ക് പണം നൽകിയതായ കൈപ്പറ്റ് രസീതി മാത്രമാണ് ലഭ്യമാക്കിയത്. മരാമത്ത് പ്രവൃത്തികളുടെ ചെലവ് അനുവദിക്കുമ്പോൾ ഗുണഭോക്തൃ സമിതികളുടെ വരവ് ചെലവുകളുടെ കൃത്യത ബന്ധപ്പെട്ട ബിൽ, മസ്റ്റർറോൾ സഹിതം സൂക്ഷ്മപരിശോധന നടത്തേണ്ടതാണ്.

## 3-14 സെക്യൂരിറ്റി നിക്ഷേപങ്ങൾ കാലാവധി കഴിഞ്ഞത് തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.

മരാമത്ത് പ്രവൃത്തികളുടെ ഭാഗമായി ലഭിക്കുന്ന ജാമ്യ നിക്ഷേപങ്ങൾ മൂന്ന് വർഷം കഴിഞ്ഞ് ക്രമീകരിച്ചില്ലെങ്കിൽ ആയത് പണമാക്കി മാറ്റി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. അതുകൊണ്ട് തന്നെ ജാമ്യ നിക്ഷേപങ്ങൾ സെക്യൂരിറ്റി രജിസ്റ്റർ പരിപാലിച്ച് പ്രത്യേകം ഫയൽ ചെയ്ത് സൂക്ഷിക്കേണ്ടതും അസി. എഞ്ചിനീയറുടെ സേഫ് കസ്റ്റഡിയിൽ സൂക്ഷിക്കേണ്ടതുമാണ്. താഴെ പറയുന്ന ജാമ്യ നിക്ഷേപങ്ങൾ കാലാവധി കഴിഞ്ഞിട്ടും പണമാക്കി മാറ്റി ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിക്ഷേപിച്ചിട്ടില്ല.

| ക്രമ നം | പ്രവൃത്തിയുടെ പേര് | കരാറുകാരൻ | ജാമ്യ നിക്ഷേപം | തുക |
|---|---|---|---|---|
| 1 | കാട്ടാംകുന്ന് ട്രാൻസ്ഫോർമർ - പാലം പുന്നക്കൽതാഴം റോഡ് (2013-14) ടി.വി.രാജേഷ് | | NSC16DD 195932/9.12.11 | 5000 |
| | | | NSC16DD 195935/9.12.11 | 5000 |

| | | | | |
|---|---|---|---|---|
| 2 | പഴയങ്ങാടി-പഴയ രജിസ്റ്റാർ ഓഫീസ് റോഡ് പ്രവൃത്തി | എം.എസ്.സജീവ് | FD GID000547 /6.11.13(PNB) | 5000 |
| 3 | വലിയാട് കളത്തിൽ എടവഴി റോഡ് | യു.വി.സിദ്ദീഖ് | NSC 78 CC-604401/6.9.13 to 604405, 604251/6.9.13,604252 /6.9.13<br>(7x1000 ) | 7000 |
| | | | | 22000 |

സെക്യൂരിറ്റി രജിസ്റ്ററിൽ 2013-14 മുതലുള്ള വിവരങ്ങൾ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിനു മുൻപുള്ള ജാമ്യ നിക്ഷേപങ്ങൾ ക്രമീകരിക്കാനവശേഷിക്കുന്നുണ്ടെങ്കിൽ ആയത് കൂടി ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. തുടർ നടപടി വിവരം ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 3-15 മെറ്റീരിയൽ പ്രവർത്തികൾക്ക് സാധനങ്ങൾ സപ്ലൈ ചെയ്തതിൽ നിയമാനുസൃത നികുതികൾ ഈടാക്കിയത് - സംബ

താഴെ പറയുന്ന പ്രവൃത്തികൾക്ക് മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിനായി ശ്രീ. മുഹമ്മദ് ഇക്ബാൽ.എ എന്ന കരാറുകാരന്റെ ടെണ്ടർ അംഗീകരിച്ച് കരാറിന്റെ അടിസ്ഥാനത്തിൽ മെറ്റീരിയൽ പർച്ചേസ് നടത്തി ടിയാനിൽ നിന്നും നിയമാനുസൃത നികുതികളായ ആദായ നികുതി (1%) (Income Tax Act Sec 194 (C), മൂല്യ വർദ്ധിത നികുതി എന്നിവ ഈടാക്കിയിട്ടുണ്ടെങ്കിലും ആദായ നികുതി ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിക്ഷേപിക്കുകയാണ് ചെയ്തിട്ടുള്ളത്.

| ക്രമ നം | പ്രവൃത്തി | മെറ്റീരിയൽസ് സപ്ളൈ ചെയതതന് അനുവദിച്ച തുക | ഈടാക്കേണ്ട VAT | ഈടാക്കേണ്ട IT |
|---|---|---|---|---|
| 1 | മാക്കോത്തേൽ കോളന് മുതൽ കാവുകുളം റോഡ് കോൺക്രീറ്റിംഗ് | 232557 | 9302 | 2326 |
| 2 | വെങ്ങിണിക്കര കൃഷിഭവൻ റോഡ് കോൺക്രീറ്റിംഗ് | 169299 | 6772 | 1693 |

| | | | | |
|---|---|---|---|---|
| | | | | |
| 3 | സൂപ്പാരിപ്പടി റോഡ് കോൺക്രീറ്റിംഗ് | 235810 | 9432 | 2358 |
| 4 | ലക്ഷംവീട് കോളനി റോഡ് കോൺക്രീറ്റിംഗ് | 203286 | 8133 | 2033 |
| | | | 33639 | 8410 |

ആദായ നികുതിയിനത്തിൽ (1%) 8410 രൂപയും മൂല്യ വർദ്ധിത നികുതിയിനത്തിൽ (4%) 33639 രൂപയും ഈടാക്കിയിട്ടുണ്ടെങ്കിലും 8410 രൂപ ആദായ നികുതി വകുപ്പിലേക്ക് അടവാക്കിയിട്ടില്ല. തുക ആദായ നികുതി വകുപ്പിലേക്ക് അടവാക്കിയ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-16 വി.ഇ.ഒ. നിർവ്വഹണം നടത്തിയ പദ്ധതിയിലെ അപാകതകൾ

വി.ഇ.ഒ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പദ്ധതി പരിശോധിച്ചതിൽ ചില അപാകതകൾകാണുന്നു. വിശദ വിവരം ചുവടെ

| പ്രോജക്ട് | ചെലവഴിച്ചതുക | ചെക്ക് നമ്പർ | അഭിപ്രായം |
|---|---|---|---|
| ഭവനപുനരുദ്ധാരണം (ജനറൽ)<br>(111/17) | 1,20,000<br>80,000<br>3,20,000<br>1,40,000 | 2032623/9.3.17<br>2032624/16.3.17<br>2032635/24.3.17<br>2032644/28.3.17 | ജി.ഒ എം.എസ്4/2016ത.സ്വ.ഭ.വ.<br>തിയതി 11-1-2016 ഉത്തരവ് പ്രകാരം വിട് പുനരുദ്ധാരണത്തിന് ആനുകല്യം അനുവദിക്കുമ്പോൾ വീട് നിർമ്മാണം പൂർത്തീകരിച്ച് 12 വർഷം കഴിഞ്ഞ് അറ്റക്കുറ്റപണികൾ അനിവാര്യമായിരിക്കുന്നവർക്ക് മാത്രമേ ഈ ധനസഹായത്തിന് അർഹതയുള്ളൂ എന്ന് നിർദേശിക്കുന്നു.എന്നാൽ അസസ് മെന്റ് രജിസ്റ്റർ പരിശോധിച്ച് ഇപ്രകാരം സാക്ഷ്യപ്പെടുത്താതെയാണ് 33 ഗുണഭോക്താക്കളിൽ 26 പേർക്ക് 20,000 രൂപ വച്ച് അനുവദിച്ചിട്ടുള്ളത്. |

ഓവർസിയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് ഭവനപുനരുദ്ധാരണത്തിന് ഗുണഭോക്താക്കൾക്ക് തുക അനുവദിക്കാവുന്നത്. താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് ഓവർസിയറുടെ മൂല്യനിർണ്ണയം ലഭിക്കുന്നതിന് മുമ്പ് തന്നെ തുക അനുവദിച്ചിട്ടുണ്ട്.

| ക്രമ നം | ഗുണഭോക്താവ് | മൂല്യ നിർണ്ണയ തിയ്യതി |
|---|---|---|
| 1 | മുഹമ്മദ് വെങ്ങിണിക്കര | 23.5.17 |
| 2 | മാളുക്കുട്ടി എളയംകാവിൽ | 24.5.17 |
| 3 | ചീരു കങ്കപ്പറമ്പിൽ | 23.5.17 |
| 4 | മുഹമ്മദ് തേക്കുംകാട്ടിൽ | 24.5.17 |
| 5 | ഗോപാലൻ പൊട്ടത്തിൽ | 23.5.17 |
| 6 | ഉഷ ആശാരിപ്പുരക്കൽ | 23.5.17 |

സബ്സിഡി മാർഗ്ഗരേഖ പാലിക്കാതെ നടത്തിയ ചെലവ് 5,20,000 രൂപ (26x20000) തടസ്സം ചെയ്യുന്നു. ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാവാതെ നോക്കേണ്ടതും സെക്രട്ടറിയിൽ നിന്നും കാലപ്പഴക്കം സംബന്ധിച്ച സാക്ഷ്യപത്രം ഹാജരാക്കുന്നവർക്ക് മാത്രം ഈ ആനുകൂല്യം നൽകാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-17 ശുചിത്വ കക്കൂസ് നിർമ്മാണം - അപാകതകൾ

നിർവ്വഹണം - വി.ഇ.ഒ

പ്രൊജക്റ്റ് നം - 001/17

ശുചിത്വ കക്കൂസ് നിർമ്മാണം

പദ്ധതി പ്രകാരം 35 ഗുണഭോക്താക്കളാണ് ഉള്ളത്. ഒരു ഗുണഭോക്താവിന് 15400 രൂപ വച്ച് കക്കൂസ് നിർമ്മാണത്തിന് നൽകുന്നു. താഴെ പറയും പ്രകാരം തുകകൾ തനത് ഫണ്ടിൽ നിന്നും (തനത് ഫണ്ട് -439300, ബ്ലോക്ക് വിഹിതം - 59500) നിർവഹണ ഉദ്യോഗസ്ഥന് നൽകിയിട്ടുണ്ട്.

| ചെക്ക് നം | തുക |
|---|---|
| 0017395/27.8.16 | 245000 |
| 2032605/14.10.16 | 167500 |
| 2032638/24.3.17 | 59500 |
| 2032634/24.3.17 | 26800 |
| ആകെ | 498800 |

ഗുണഭോക്താക്കൾക്ക് അനുവദിച്ചതിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ 33500 രൂപ അനുവദിച്ചതിന്റെ രേഖകൾ ലഭ്യമായിട്ടില്ല.

| ഗുണഭോക്താക്കളുടെ എണ്ണം | തുക | ആകെ |
|---|---|---|
| 35 | 7000 | 245000 |
| 35 | 1700 | 59500 |
| 4 | 6700 | 26800 |
| 4 | 6700 | 26800 |
| 16 | 6700 | 107200 |
| ആകെ | | 465300 |

വ്യത്യാസം 33500 രൂപ (498800 – 465300). രേഖകളുടെ അഭാവത്തിൽ 33500 (5x6700) രൂപ തടസ്സം ചെയ്യുന്നു. 6 ഗുണഭോക്താക്കൾകൂടി പ്രവൃത്തി പൂർത്തീകരിക്കാനുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം ആദ്യമറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

## 3-18 വി.ഇ.ഒ. പദ്ധതി നിർവ്വഹണം - പദ്ധതികൾ ഏറ്റെടുക്കുന്നതിൽ വിമുഖത

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന പദ്ധതികൾക്കാണ് 2016-17 സാമ്പത്തിക വർഷത്തിൽ അംഗീകാരം ലഭിച്ചിട്ടുള്ളത്.

| ക്രമ നം | പ്രൊജക്ട് നം | പേര് | അടങ്കൽ | ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | 001/17 (New) | ശുചിത്വ കക്കൂസ് നിർമ്മാണം | 6,16,000 | 4,98,800 |
| 2 | S008/17 | കക്കൂസ് നിർമ്മാണം (ജനറൽ) | 10,51,800 | -- |
| 3 | S009/17 | കക്കൂസ് നിർമ്മാണം (ജനറൽ) | 3,12,000 | -- |
| 4 | 111/17 (New) | വീട് പുനരുദ്ധാരണം (ജനറൽ) | 12,00,000 | 6,60,000 |
| 5 | 111/17 (New) | ഗ്രൂപ്പുകൾക്ക് പരിശീലനവും സ്വയംതൊഴിലിന് സബ്സിഡിയും | 4,50,000 | -- |
| | | | 36,29,800 | 11,58,800 |

അംഗീകാരം ലഭിച്ച 5 പദ്ധതികളിൽ 2എണ്ണം മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. പ്ലാൻ ഫണ്ടിൽ നിന്നും തൻവർഷത്തിൽ യാതൊരു ചെലവും ഉണ്ടായിട്ടില്ല. തനത് ഫണ്ടിൽ നിന്നും 1099300 രൂപയും ബ്ലോക്ക് വിഹിതമിനത്തിൽ ലഭിച്ച 59500 രൂപയും മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ഇതിൽ നിന്നു തന്നെ പദ്ധതികൾ ഏറ്റെടുക്കുന്നതിലും നിർവഹണം നടത്തുന്നതിലും നിർവഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തു നിന്നും വിമുഖത കാണിക്കുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു. തുടർ വർഷങ്ങളിൽ ഇത്തരത്തിലുള്ള വീഴ്ചകൾ സംഭവിക്കാതെ ഗ്രാമ പഞ്ചായത്തിലെ ജനങ്ങൾക്കാവശ്യമായ പദ്ധതികൾ ഉണ്ടാക്കേണ്ടതും നടപ്പിലാക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ ഭാഗത്ത് നിന്നും പ്രത്യേക ശ്രദ്ധ പതിയേണ്ടതുണ്ട്.

## 3-19 ആയുർവേദ മെഡിക്കൽ ഓഫീസർ - പ്രൊജക്റ്റ് പ്രകാരമുള്ള മരുന്ന് ലഭ്യമാക്കിയിട്ടില്ല

ആയുർവേദ - മരുന്ന് വാങ്ങൽ എന്ന പദ്ധതിക്കായി നിർവ്വഹണോദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ (ആയുർവേദ) താഴെ പറയും വിധം തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രോജക്റ്റ് നമ്പർ/പേര് | ചെലവഴിച്ച തുക | ബിൽ നമ്പർ/ചെക്ക് നമ്പർ/തീയതി | റിമാർക്സ് |
|---|---|---|---|
| SO97/17 | 1,00,000 | 06/23.03.2017 | Oshadi,Thrissur<br>(65,919 രൂപയുടെ മരുന്നുകൾ കൂടി ലഭിക്കാനുണ്ട്) |

ബാക്കി ലഭിക്കാനുള്ള മരുന്നുകളുടെ വിവരം ഫയലിൽ സൂക്ഷിക്കുകയോ ഔഷധിയിലേക്ക് മരുന്ന് ആവശ്യപ്പെട്ട് കത്ത് എഴുതിയതായോ കാണുന്നില്ല. ലഭിക്കാനുള്ള മരുന്നുകളുടെ ലിസ്റ്റ് തയ്യാറാക്കി സ്ഥാപനത്തിനെ യഥാസമയങ്ങളിൽ അറിയിച്ച് മരുന്നുകൾ മുഴുവൻ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

മരുന്ന് ലഭ്യമാക്കുന്നത് വരെ 65,919/- രൂപ തടസ്സം ചെയ്യുന്നു.

## 3-20 ഹോമിയോ മെഡിക്കൽ ഓഫീസർ - പ്രൊജക്റ്റ് പ്രകാരമുള്ള മരുന്ന് ലഭ്യമാക്കിയിട്ടില്ല

ഹോമിയോ - മരുന്ന് വാങ്ങൽ എന്ന പദ്ധതിക്കായി നിർവ്വഹണോദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ (ഹോമിയോ) താഴെ പറയും വിധം തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രോജക്റ്റ് നമ്പർ/പേര് | ചെലവഴിച്ച തുക | ബിൽ നമ്പർ/ചെക്ക് നമ്പർ/തീയതി | റിമാർക്സ് |
|---|---|---|---|
| SO089/17<br>ഹോമിയോ - മരുന്ന് വാങ്ങൽ | 1,91,059 | 01/14.2.2017 (147059)<br>02/14.2.2017 | Kerala State Homoeopathic Co-operative Pharmacy Ltd, Alappuzha ന് തുക നൽകി മരുന്നുകൾ ലഭ്യമായിട്ടില്ല |

| | | | |
|---|---|---|---|
| | | (44000) | |

ബാക്കി ലഭിക്കാനുള്ള മരുന്നുകളുടെ വിവരം ഫയലിൽ സൂക്ഷിക്കുകയോ HOMCOയിലേക്ക് മരുന്ന് ആവശ്യപ്പെട്ട് കത്ത് എഴുതിയതായോ കാണുന്നില്ല. ലഭിക്കാനുള്ള മരുന്നുകളുടെ ലിസ്റ്റ് തയ്യാറാക്കി സ്ഥാപനത്തിനെ യഥാസമയങ്ങളിൽ അറിയിച്ച് മരുന്നുകൾ മുഴുവൻ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

മരുന്ന് ലഭ്യമാക്കുന്നത് വരെ 1,91,059/- രൂപ തടസ്സം ചെയ്യുന്നു.

## 3-21 പരിരക്ഷ - പാലിയേറ്റീവ് കെയർ പദ്ധതി - സർക്കാർ മാർഗ്ഗരേഖ പാലിക്കുന്നില്ല.

പാലിയേറ്റീവ് പരിചരണത്തിനായി നിലവിലുണ്ടായിരുന്ന മാർഗ്ഗരേഖ റദ്ദാക്കിക്കൊണ്ട് 29-10-2015- ന് സ.ഉ(ആർ.ടി) 3217/15/ത.സ്വ.ഭ.വ എന്ന നമ്പറിൽ സർക്കാർ പുതിയ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി. ഹോംകെയർ മുടക്കം കൂടാതെ സുഗമമായി നടക്കുന്നുണ്ടെന്ന് പി എം സി കൾ ഉറപ്പുവരുത്തേണ്ടതാണ്. ഭക്ഷണം, നഴ്സിനുള്ള ഓണറേറിയം, വാഹന വാടക മുതലായ ചെലവുകളുടെ പെയ്മെന്റ് കൃത്യമായി നൽകേണ്ടത് ഹോം കെയറിന്റെ വിജയത്തിന് അത്യാവശ്യമാണ്. ഓരോ മാസത്തെയും ഇത്തരം പെയ്മെന്റുകൾ അടുത്ത മാസം 10-ാം തിയതിക്കു മുമ്പായി നിർബന്ധമായും നൽകേണ്ടതാണ്. പരിരക്ഷാ പദ്ധതിക്ക് വേണ്ടി വിശദമായി പ്രൊജക്ട് തയ്യാറാക്കി ഓരോ വർഷവും വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതാണ്. സംയുക്ത പ്രോജക്ട് പാടില്ല. രജിസ്റ്റർ ചെയ്ത രോഗികൾക്ക് തുടർച്ചയായ പരിചരണം ലഭ്യമാക്കുന്നു എന്ന് ഉറപ്പാക്കേണ്ടതാണ്. ആയതിനാൽ ഓരോ വർഷവും ഏപ്രിൽ മുതൽ തുടർന്ന് നടപ്പാക്കാവുന്നതും പ്രോജക്ടിന് അംഗീകാരം ലഭിച്ചില്ലെങ്കിൽ കൂടിയും താൽകാലികമായി തനത് ഫണ്ടിൽ നിന്ന് ചെലവ് വഹിച്ച് നടത്തേണ്ടതാണ്. ഇങ്ങനെ തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ച തുക പിന്നീട് പ്രോജക്ടിന് അംഗീകാരം ലഭിച്ചാൽ തനത് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്. ഒരു സാമ്പത്തിക വർഷം അവസാനിച്ചാൽ ആ വർഷത്തെ പ്രോജക്ട് തുക ബാക്കിയുണ്ടെങ്കിലും അവസാനിപ്പിക്കണം. സ്പിൽ ഓവർ പ്രോജക്ടായി തുടർന്ന് നടപ്പിലാക്കാൻ പാടില്ല. ഒരു വാർഷിക പദ്ധതിയിൽ ഒന്നിലധികം പാലിയേറ്റീവ് കെയർ പദ്ധതികൾ പാടില്ല, നടപ്പാക്കാനും പാടില്ല. അലോപ്പതി നിർവഹണ ഉദ്യോഗസ്ഥൻ തന്നെയായിരിക്കണം ഇതിന്റെയും നിർവഹണ ഉദ്യോഗസ്ഥൻ. അനുവദനീയമായ ചെലവുകൾ വഹിക്കുവാൻ വികസന ഫണ്ട്/ തനത് ഫണ്ട്/ ജനറൽ പർപ്പസ് ഫണ്ട് എന്നിവ ഉപയോഗിക്കാവുന്നതാണ്.

അപാകതകൾ

1. മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തുന്ന പ്രോജക്ട് നമ്പർ S0090/17' പരിരക്ഷാ- ഹോം കെയർ പദ്ധതിയുമായി ബന്ധപ്പെട്ട് പുതുക്കിയ മാർഗ്ഗരേഖ 2.5 പ്രാഥമിക പാലിയേറ്റീവ് സേവനം ലഭ്യമാക്കേണ്ടവരുടെ രജിസ്ട്രേഷൻ - ഉപ ഭാഗം 2.5.6 പ്രകാരം "' *ഈ ഉത്തരവ് പ്രസിദ്ധീകരിച്ച് 60 ദിവസത്തിനകം നോമിനൽ രജിസ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേരുവിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. തുടർന്ന് രജിസ്റ്ററിൽ കാലാകാലങ്ങളിൽ വരുന്ന കൂട്ടിചേർക്കലുകളും ഒഴിവാക്കലുകളും അതാത് സമയത്ത് വെബ്സൈറ്റിലുള്ള ലിസ്ററിലും മാറ്റം വരുത്തേണ്ടതാണ്. വെബ്സൈറ്റിൽ ലിസ്ററ് പ്രസിദ്ധീകരിക്കാതെ പാലിയേറ്റീവ് കെയർ പ്രോജക്ടിൽ നിന്ന് ഈ ഉത്തരവ് പ്രസിദ്ധീകരിച്ച് 60 ദിവസത്തിനു ശേഷം തുക ചിലവഴിക്കാൻ പാടില്ല."*

നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേരുവിവരം ഗ്രാമ പഞ്ചായത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല.

2.പുതുക്കിയ മാർഗ്ഗരേഖ 2.6.3-(6) പ്രകാരം ഓരോ ദിവസത്തേയും ഹോം കെയർ നടന്നു കഴിഞ്ഞാൽ തൊട്ടടുത്ത ദിവസം ഗൃഹസന്ദർശന വിവരങ്ങൾ രേഖപ്പെടുത്തിയ അനുബന്ധം 3 പ്രകാരമുള്ള ഫോറവും ഹോംകെയർ റിപ്പോർട്ട് ബുക്കും പാലിയേറ്റീവ് കെയർ നഴ്സ് മെഡിക്കൽ ഓഫീസർക്ക് സമർപ്പിച്ച് ഒപ്പ് വാങ്ങിക്കേണ്ടതാണ്. ഗൃഹസന്ദർശന വിവരങ്ങൾ രേഖപ്പെടുത്തിയ അനുബന്ധം 3 പ്രകാരമുള്ള ഫോറം മെഡിക്കൽ ഓഫീസർ സ്ഥാപനത്തിൽ സൂക്ഷിക്കേണ്ടതാണ്. ആയത് സൂക്ഷിക്കുന്നില്ല

3. പുതുക്കിയ മാർഗ്ഗരേഖ 2.6.3-(7) പ്രകാരം ഓരോ ദിവസവും ഗൃഹസന്ദർശനം നടന്ന കഴിഞ്ഞാൽ അന്നുതന്നെയോ തൊട്ടടുത്ത പ്രവൃത്തി ദിവസമോ അനുബന്ധം 3 നെ അടിസ്ഥാനമാക്കിയുള്ള ഓൺലൈൻ റിപ്പോർട്ട് പാലിയേറ്റീവ് കെയർ നഴ്സ് കംപ്യൂട്ടർ സോഫ്റ്റ്വെയർ മുഖേന അപ്‌ലോഡ് ചെയ്യേണ്ടതാണ്. അതിനാവശ്യമായ ഓൺലൈൻ സംവിധാനം ഐ.കെ.എം ലഭ്യമാക്കുന്നതാണ്. ആരോഗ്യസ്ഥാപനത്തിലേയോ, തദ്ദേശസ്വയംഭരണ സ്ഥാപനത്തിലേയോ കമ്പ്യൂട്ടർ സൗകര്യങ്ങൾ ഈ ആവശ്യത്തിനായി ഉപയോഗപ്പെടുത്താവുന്നതാണ്. ആയത് ചെയ്യുന്നില്ല

4. പുതുക്കിയ മാർഗ്ഗരേഖ 2.6.2 പ്രകാരം ദൈനം ദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമായ രോഗികളുടെ പരിചരണ രീതി അവരുടെ വീട്ടുകളിൽ ചെന്ന് പഠിപ്പിച്ച് കൊടുക്കുവാനും ആവശ്യമായ തുടർ പരിചരണം ചെയ്തു കൊടുക്കാനുമായി ഹോം കെയർ സംവിധാനം രാവിലെ 9.30 മുതൽ ആരംഭിച്ച് വൈകുന്നേരം 4.30 വരെ തദ്ദേശ ഭരണ സ്ഥാപന പരിധിയിൽ , കൂടുതൽ പരിചരണം ആവശ്യമുള്ള 8 രോഗികളെയെങ്കിലും ഒരു ദിവസം സന്ദർശിക്കേണ്ടതും ആഴ്ചയിൽ 4 ൽ കുറയാതെയുള്ള ഹോം കെയർ ദിനങ്ങൾ (മാസത്തിൽ 16) വരുന്ന രീതിയിലാണ് ഹോം കെയർ ആസൂത്രണം ചെയ്യേണ്ടത്.

എന്നാൽ 2016-17 സാമ്പത്തിക വർഷത്തിൽ മാസത്തിൽ 16 ദിവസം ഹോം കെയർ നടത്തുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്.

| ക്ര.ന | മാസം | ഹോം കെയർ ദിനങ്ങൾ | കുറവ് |
|---|---|---|---|
| 1 | ഏപ്രിൽ | 12 | 4 |
| 2 | മെയ് | 11 | 5 |
| 3 | ജൂൺ | 13 | 3 |
| 4 | ജൂലൈ | 5 | 11 |
| 5 | ആഗസ്റ്റ് | 16 | 0 |
| 6 | സെപ്റ്റംബർ | 12 | 4 |
| 7 | ഒക്ടോബർ | 14 | 2 |
| 8 | നവംബർ | 16 | 0 |
| 9 | ഡിസംബർ | 11 | 5 |
| 10 | ജനവരി | 16 | 0 |
| 11 | ഫെബ്രുവരി | 14 | 2 |
| 12 | മാർച്ച് | 12 | 4 |
| | ആകെ | 152 | 40 |

5. പുതുക്കിയ മാർഗ്ഗരേഖ 2.6.13 പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട രോഗികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും ബോധവൽകരണ പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്. അതിന്റെ ഭാഗമായി വാർഷിക സംഗമം ആർഭാട രഹിതമായി സംഘടിപ്പിക്കേണ്ടതും നടത്തിപ്പ് ചെലവിലേക്കായി 3000 രൂപയും ഓരോരുത്തരുടേയും ഭക്ഷണ ചെലവിലേക്ക് പരമാവധി 60 രൂപയും ചെലവഴിക്കാവുന്നതാണ്. കൂടുതൽ തുക ആവശ്യമെങ്കിൽ സ്പോൺസർ ഷിപ്പിലൂടെ കണ്ടെത്തേണ്ടതാണ്. എന്നാൽ 2016-17 സാമ്പത്തിക വർഷത്തിൽ പരിരക്ഷ -വാർഷിക സംഗമം സംഘടിപ്പിച്ചില്ല

6. മരുന്നുകൾ പൂർണ്ണമായി ലഭ്യമാക്കിയില്ല

മരുന്നുകൾ വാങ്ങുന്നതിന് തുക പിൻവലിച്ച് കാരുണ്യ ഫാർമസി, നിലമ്പൂരിന് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രൊജക്റ്റ് നമ്പർ/പേര് | ബിൽ നമ്പർ/തിയ്യതി | മരുന്ന് ലഭ്യമായത് | ബാക്കി |
|---|---|---|---|
| 90/16-17<br>(പരിരക്ഷ ഹോം കെയർ പദ്ധതി) | 3/16-17 തി. 31-03-2017<br>₹ 2,87, 050 | 2,56,893 | 30,157 |

എന്നാൽ 2,56,893 രൂപയുടെ മരുന്നുകൾ മാത്രമാണ് കാരുണ്യ ഫാർമസിയിൽ നിന്ന് ഇതുവരെ ലഭ്യമായത്. ലഭ്യമാക്കാൻ അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിൽ എടുത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

പുതുക്കിയ മാർഗ രേഖ (സ.ഉ(ആർ.ടി) 3217/15 ത.സ്വ.ഭ.വ 29-10-2015) പാലിച്ചു കൊണ്ട് പരിരക്ഷാ പാലിയേറ്റീവ് കെയർ പദ്ധതി നടപ്പാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (01 – 03/11/2017) മറുപടി ലഭ്യമാക്കിയില്ല.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനത്തിന്റെ പേര് | ലഭിച്ച തുക | പദ്ധതി നമ്പർ / പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| പൊന്നാനി ബ്ലോക്ക് പഞ്ചായത്ത് | 4,80,000 | SOO115/2017<br>സമഗ്ര നെൽകൃഷി വികസനം | 4,80,000 | 0 |
| | 68,000 | SOO1/2017<br>ശുചിത്വ കക്കൂസ് നിർമാണം | 59,500 | 8500 |
| | 3,78,112 | SOO178/2017<br>പാൽ സബ്സിഡി | 3,78,112 | 0 |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക്(Deposit Work) നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ബിൽ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | വാട്ടർ ലൈൻ ദീർഘിപ്പിക്കൽ (S0185/2016-17) | 21600955 തി:25.03.2017 | 12,00,000 | 0 | പൂർത്തീകരിച്ചിട്ടില്ല | 12,0,000 |
| കോസ്റ്റ്ഫോർഡ്, തൃശ്ശൂർ | മാലിന്യ സംസ്ക്കരണ പ്ലാന്റ് നിർമ്മാണം (83/17) | ട്രഷറി ബിൽ നം.14/2016-17 തീയ്യതി 02.03.17 രൂപ 674341/- ട്രഷറി ബിൽ നം.37/2016-17 തീയ്യതി 31.03.17 രൂപ 762215/- | 14,36,556 | ലഭ്യമല്ല | പൂർത്തീകരിച്ചിട്ടില്ല | 14,36,556 |

എന്നാൽ 2016-17 വാർഷിക ധനകാര്യ പത്രിക- ബാലൻസ് ഷീറ്റിൽ ബി-18 ഷെഡ്യൂളിൽ കാണിച്ചിട്ടില്ല. പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ ആയത് ബാക്കിപത്രത്തിൽ ബ-18 ഷെഡ്യൂളിൽ കാണിക്കേണ്ടതും പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്ന മുറക്ക് ആസ്തിയായി ക്രമീകരിക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇഎം എസ് ഭവന പദ്ധതി | സ.ഉ.(സാ)നം. 989/2010/ത.സ്വ,ഭ,വ തി 23-03-2010 | 1,18,85,000 | 43,10,838 | 12,00,000 | 31,10,838 |

| | | | | | |
|---|---|---|---|---|---|

കുറിപ്പ്- രജിസ്റ്റർ പ്രകാരമുള്ള തുകകളാണ് എടുത്തിട്ടുള്ളത്. ആയത് വാർഷിക ധനകാര്യ പത്രിക (B-5&B-18) 32,73,155 തുകയുമായി പൊരുത്തപ്പെടുന്നില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 3,57,909 |
| തൻവർഷം നിക്ഷേപിച്ച തുക | 31250 |
| ആകെ | 3,89,159 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 00 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3,89,159 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| സ്ഥിര നിക്ഷേപം, എം.ഡി.സി ബാങ്ക്, എടപ്പാൾ രശീതി നമ്പർ 234673 | 2,68,324 |
| രശീതി നമ്പർ 234672 | 1,20,835 |
| ആകെ | 3,89,159 |

ഓഡിറ്റിന് സമർപ്പിച്ച വാർഷിക കണക്കുകളിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-12 പ്രകാരം 3,57,909 രൂപയാണ് സ്ഥിര നിക്ഷേപം. ഇത് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1,64,163 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2013-14 | 2-5 | 28 | ശ്രീ. സാജു ജെ പി ,ക്ലാർക്ക് എടപ്പാൾ ഗ്രാമ പഞ്ചായത്ത് | 11606101221/ തിയ്യതി 12-05-2016 |
| 2013-14 | 2-5 | 10 | ശ്രീ. മണിലാൽ, ക്ലാർക്ക് എടപ്പാൾ ഗ്രാമ പഞ്ചായത്ത് | 11606101222/ തിയ്യതി 12-05-2016 |
| 2000-01 | 37 | 218 | ശ്രീ. എം വേലായുധൻ ,അസി. സെക്രട്ടറി എടപ്പാൾ ഗ്രാമ പഞ്ചായത്ത് | 11606101818/ തിയ്യതി 06-06-2016 |
| 2008-09 | 3-6<br>3-7<br>3-10 | 1,08,575 | ശ്രീ. ഷിനി എം ,അസി. എഞ്ചിനിയർ എടപ്പാൾ ഗ്രാമ പഞ്ചായത്ത് | 11606101342/ തിയ്യതി 21-05-2016 |
| 2010-11 | 3-1 | 21,052 | ശ്രീ. ഷിനി എം ,അസി. എഞ്ചിനിയർ | 11606101343/ |

| | | | | |
|---|---|---|---|---|
| | | | എടപ്പാൾ ഗ്രാമ പഞ്ചായത്ത് | തിയ്യതി 21-05-2016 |
| 2011-12<br>2012-13 | 3-16 | 30,000 | സി.ഡി.എസ് പ്രസിഡന്റ് | 11606500001/<br>തിയ്യതി 31-05-2016 |
| 2011-12<br>2012-13 | 2-4 | 1250 | മാനേജർ , ഫെഡറൽ ബാങ്ക് | 11606400011/<br>തിയ്യതി 31-05-2016 |
| 2011-12<br>2012-13 | 3-7 | 1780 | ശ്രീമതി. രശ്മി ,അസി. എഞ്ചിനിയർ എടപ്പാൾ ഗ്രാമ പഞ്ചായത്ത് | 11606102689/<br>തിയ്യതി 19-07-2016 |
| 2011-12<br>2012-13 | 2-4 | 1250 | ഷോപ്പ് മാനേജർ, മാവേലി സ്റ്റോർ | 11606102575/<br>തിയ്യതി 28-05-2016 |
| | ആകെ | 164,163 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 43 | 1999 | 35 | യൂണിഫോം - അധിക തുക നൽകിയത് | 19-05-2014 ൽ വെരിഫിക്കേഷൻ റിപ്പോർട്ട് നൽകി. ബഹു. നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുൻ ബാക്കി ഉൾപ്പെടെ) | : | 6,41,49,912.5 |

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 4,96,67,227 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 6000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 65,91,369 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-3 | | 6000 | ശ്രീ.മുഹമ്മദ് ഷെറീഫ് എം, അസിസ്റ്റന്റ് സെക്രട്ടറി |
| | ആകെ | 6000 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 3,50,000 | ശ്രീ. രവീന്ദ്രൻ കെ, സെക്രട്ടറി |
| 3-2 | 98145 | ശ്രീ. രവീന്ദ്രൻ കെ, സെക്രട്ടറി |
| 3-4 | 14,36,556 | ശ്രീ. രവീന്ദ്രൻ കെ, സെക്രട്ടറി |
| 3-5 | 18,00,000 | ശ്രീ.കുട്ടപ്പൻ, ഹെഡ്മാസ്റ്റർ |
| 3-6 | 147855 | ശ്രീ.കുട്ടപ്പൻ, ഹെഡ്മാസ്റ്റർ |
| 3-7 | 84,500 | ശ്രീ.കുട്ടപ്പൻ, ഹെഡ്മാസ്റ്റർ |
| 3-9 | 18,63,835 | ശ്രീ. രവീന്ദ്രൻ കെ, സെക്രട്ടറി |
| 3-16 | 5,20,000 | ശ്രീ. അജയകുമാർ എ എസ്, വി ഇ ഒ |
| 3-17 | 33500 | ശ്രീ. അജയകുമാർ എ എസ്, വി ഇ ഒ |
| 3-19 | 65,919 | ഡോ.അജിത് കമാർ, മെഡിക്കൽ ഓഫീസർ ആയുർവേദ) |
| 3-20 | 1,91,059 | ഡോ.തനുജ ആർ, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| ആകെ | 65,91,369 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

3-11 സേവന നികുതി – 69042

3-15 ആദായ നികുതി –8410

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.മുഹമ്മദ് ഷെറീഫ്. എം അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി ,എടപ്പാൾ ഗ്രാമ പഞ്ചായത്ത് | മംഗലത്ത് ഹൗസ് പുന്നയൂർക്കുളം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1979-80 | എൽ.എഫ്.എം.7/726/97 തീയതി 30.5.97 | 4 |
| 1981-82 | എൽ.എഫ്.എം.7/728/97 തീയതി 30.5.97 | 18 |
| 1984-85 | എൽ.എഫ്.എം.7/729/97 തീയതി 30.5.97 | 4 |
| 1985-86 | എൽ.എഫ്.എം.7/730/97 തീയതി 30.5.97 | 17 |
| 1986-87 | എൽ.എഫ്.എം.7/731/97 തീയതി 30.5.97 | 10 |
| 1987-88, 88-89 | എൽ.എഫ്.എം.7/732/97 തീയതി 30.5.97 | 13 |
| 1989-90, 90-91 | എൽ.എഫ്.എം.7/733/97 തീയതി 30.5.97 | 4 |
| 1991-92 | എൽ.എഫ്.എം.7/734/97 തീയതി 30.5.97 | 6 |

| | | |
|---|---|---|
| 1992-93, 93-94 | എൽ.എഫ്.എം.7/735/97 തീയതി 30.5.97 | 24 |
| 1994-95, 95-96 | എൽ.എഫ്.എം.14/131/98തീയതി 24-3-98 | 4 |
| 1996-97 | എൽ.എഫ്.എം.7/658/97തീയതി 5.3.98 | 17 |
| 1997-98 | എൽ.എഫ്.എം.11/1404/99തീയതി 24.3.2000 | 2 |
| 1998-99 | എൽ.എഫ്.എം.12/1373/99തീയതി 11.11.99 | 19 |
| 1999-2000 | എൽ.എഫ്.എം.11/357/01 തീയതി 3.6.04 | 9 |
| 2000-01 | എൽ.എഫ്.എം.11/1420/99 തീയതി 23.6.14 | 16 |
| 2001-02 | എൽ.എഫ്.എം17/1056/03തീയതി 6.4.04 | 9 |
| 2002-2003 | എൽ.എഫ്.എം9/332/05തീയതി29.4.05 | 14 |
| 2003-2004- | എൽ.എഫ്.എം6/5/08തീയതി7.5.08 | 16 |
| 2004-05 | എൽ.എഫ്.എം6/29/09തീയതി4.8.09 | 56 |
| 2005-2006 | എൽ.എഫ്.എം6/243/10തീയതി21.3.12 | 12 |
| 2006-2007 | എൽ.എഫ്.എം10/889/11തീയതി21.3.12 | 7 |
| 2007-2008 | എൽ.എഫ്.എം18/598/11തീയതി21.3.12 | 21 |
| 2008-2009 | എൽ.എഫ്.എം18/599/11തീയതി21.3.12 | 16 |

| | | |
|---|---|---|
| 2009-2010 | എൽ.എഫ്.എം18/600/11തീയതി21.3.12 | 27 |
| 2010-2011 | എൽ.എഫ്.എം17/1489/13തീയതി11.9.13 | 16 |
| 2011-12 &12-13 | കെ.എസ്.എ.എം.പി.എം.17/41/2016 തീയതി 12.04.16 | 22 |
| 2013-14,14-15 | കെ.എസ്.എ.എം.പി.എം.28/1928/2016 തീയതി 01.08.2016 | 17 |
| 2015-16 | നം.കെ.എസ്.എ.എം.പി.എം28/29/2017 തിയ്യതി 08-02-2017 | 24 |

അവശേഷിക്കുന്ന റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ കേരള സംസ്ഥാന ഓഡിറ്റ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

## അനുബന്ധം -1

## ഓഡിറ്റ് സാക്ഷ്യപത്രം

കെ എസ് എ എം പി എം.28/2458/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം
പിൻ- 676 505 ഫോൺ: 0483-2734951
ഇ-മെയിൽ: dompm.ksad@kerala.gov.in
തീയ്യതി 20.11.2017

1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215ാം വകപ്പ് ,ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്'ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ എടപ്പാൾ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ എടപ്പാൾ ഗ്രാമ പഞ്ചായത്തിന്റെ 2016-17 വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽഅവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
മലപ്പുറം

## അനുബന്ധം -2

## AUDIT CERTIFICATE

No.KSA/MPM.28/2458/2017

Kerala State Audit Department
District office ,Malappuram

Phone: 0483 -2734951

Email: dompm.ksad@kerala.gov.in

Date:20.11.2017

Certified that I have audited the Annual Financial Statement of Edappal Grama panchayath in Malappuram District of the year ended on 31.3.2017 in accordance with section 4 of the Kerala Local Fund Audit Act 1994. Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller And Auditor Genaral of India of the purpose of audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of Edappal Grama panchayath for the year 2016-17 except the observations in My audit report properly presents the picture of income and expenditure.

Deputy Director

State Audit Department

Malappuram